25

ഭാരതീയ ഈശ്വരസങ്കൽപവും ശാസത്രവും

Dr. N. Gopalakrishnan, Ph. D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018 www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 4

Scanned with CamScanner

ഭാരതീയ ഈശ്വരസങ്കൽപവും ശാസ്ത്രവും

ഡോ. എൻ. ഗോപാലകൃഷ്ണൻ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരിസ് - 4

Scanned with CamScanner

ഭാരതീയ ഈശ്വര സങ്കൽപവും ശാസ്ത്രവും

Dr. N. Gopalakrishnan
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Lit.
(Scientist & Hon. Director IISH)

1-12-2009
(12-ാം എഡിഷൻ)

Published by:

Indian Institute of Scientific Heritage (IISH)
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
www.iish.org

Rs. 25

Printed at:

Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

Details of the bank account

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode Trivandrum-19

In the service of the motherland and dharma
IISH Publication Team

Scanned with CamScanner

അവതാരിക

സഹസ്രാബ്ദങ്ങളായി മനുഷ്യനിൽ രൂഢമൂലമായിരിക്കുന്ന ഒരു വിശ്വാസമുണ്ട്. അവനെ സൃഷ്ടിച്ചതും നയിക്കുന്നതും ഒരു ഈശ്വരീയ ചൈതന്യമാണെന്ന്. അവനവന്റെ ഭാവനക്കും, അനുഭവത്തിനും പരിചിതമായ ചുറ്റുപാടുകൾക്കും അനുയോജ്യമായ ഓരോ മനുഷ്യ സമൂഹവും അവരവരുടെ ഈശ്വരനു രൂപം നൽകി. പ്രവാചകന്മാരുടെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈശ്വരചിന്ത നടത്തുന്നവരാണ് ലോകത്തിലെ ഒരു വലിയ ജനസമൂഹം. അതിപുരാതനമായ ഭാരതീയ സംസ്കൃതിയിലും, ഈശ്വരനു രൂപവും ഭാവവും നൽകിയത് ഇവിടത്തെ മാനവരാശിക്ക്, സഹസ്രാബ്ദങ്ങളായി പ്രകൃതിയിൽ നിന്നും ലഭിച്ച അനുഭവസമ്പത്തിന്റെ വിശകലനത്തിലൂടെയാണ്. അതിപ്രാചീനവും, പ്രാകൃതവും, അന്ധവിശ്വാസജഡിലവുമാണ്. ഭാരതീയന്റെ ഈശ്വരവിശ്വാസമെന്ന്, ആക്രോശിക്കുന്നവരുടെ എണ്ണം, ഏതാനും വർഷങ്ങൾക്കു മുമ്പുവരെ വളരെ കൂടുതലായിരുന്നു. ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയുമല്ലോ എന്ന് വിശ്വസിച്ചിരുന്നവർ ധാരാളമുണ്ടായിരുന്നു. കാലഗതി മാറി. ഭാരതീയ സങ്കൽപത്തിലുള്ള ഈശ്വരവിശ്വാസം ഏവർക്കും സ്വീകാര്യമായി വരുന്നു. ദേശത്തിൽ മാത്രമല്ല വിദേശങ്ങളിലും – ഹിന്ദുക്കളിലും അഹിന്ദുക്കളിലും – ഇന്നു സാധാരണമായിരിക്കുന്നു, തദ്ദേശങ്ങളിലെ ക്ഷേത്രദർശനം. നൂറുകണക്കിന് ക്ഷേത്രങ്ങൾ പ്രതിവർഷം വിദേശങ്ങളിൽ ഉയർന്നുവരുന്നുണ്ട്. ശാസ്ത്ര സമൂഹം ഭാരതീയ ഈശ്വര സങ്കൽപത്തിന്റെ മാനസികവും, മനശാസ്ത്രപരവും, ശാരീരികവും, സാമൂഹികവും, ആത്മീയവുമായ വശങ്ങളുടെ ശുദ്ധ ശാസ്ത്രഭാഗം അന്വേഷിച്ചിറിങ്ങിയിരിക്കുകയാണ്. ഊർജ്ജതന്ത്ര ശാസ്ത്രജ്ഞന്മാരാണ്, ഭൗതീകശാത്ര പഠനഗവേഷണങ്ങളുടെ അന്ത്യത്തിൽ, ഭാരതീയ തത്വശാസ്ത്രങ്ങളിലന്തർലീനമായിരിക്കുന്ന ആദ്യ ശാസ്ത്ര ബിന്ദുവിലെത്തിയത്. ഫ്രിഡ്ജോഫ് കാപ്രയും, എഡിങ്ടണും, ഐൻസ്റ്റീനും, ഹെയ്സൺബർഗും, റോബർട്ട് ഹോയലും, ഇലിയ പ്രിഗോജിനും ഈ പന്ഥാവിലൂടെ സഞ്ചരിച്ച് ഭാരതീയ ഈശ്വര സങ്കൽപങ്ങളെ ഭൗതീകശാസ്ത്രഗവേഷണങ്ങളിലൂടെ അനുഭവച്ചറിഞ്ഞവരിൽ ചില

Scanned with CamScanner

രാണ്. കാലം കഴിയുന്തോറും, ഋഷി പ്രോക്തങ്ങളായ ചിന്താധാരക ളെക്കുറിച്ച് ഇവരെപോലുള്ള അനവധി ശാസ്ത്രജ്ഞന്മാർ വിശക ലനം ചെയ്തവതരിപ്പിച്ച ദൃഷ്ടാന്തങ്ങൾ, സാധാരണക്കാർക്ക് കൂടി വ്യക്തമായി വരുന്നുണ്ട്.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം പാശ്ചാത്യശാസ്ത്രമാ ണെന്ന സൈന്റിസവാദം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശക്തമായിരുന്നു എങ്കിലും കൃത്യം ഒരു നൂറ്റാണ്ടിനുശേഷം ഇതാ ഭാരതീയ ആത്മീയത, ആധുനിക ശാസ്ത്രത്തിന്റെ നന്മകളടക്കം സ്വീകരിച്ചുകൊണ്ട് ഒരു സമഗ്രമായ പ്രശ്നപരിഹാര ഫോർമുല തന്നെ സൃഷ്ടിച്ചരിക്കുന്നു. കുരുക്ഷേത്ര യുദ്ധക്കളംപോലെ പ്രശ്ന സങ്കീർണമായ ലോകത്തിൽ ശ്രീകൃഷ്ണനായ ആത്മീയ തേജസ്സും ധനുർധാരി അർജ്ജുനനായ ശാസ്ത്ര തേജസ്സും ഒത്തൊരുമിക്കു കയാണ്. ആയുധമെടുക്കാത്ത ആത്മീയ ചൈതന്യം ആയുധമേന്തിയ ശാസ്ത്രത്തെ നിയന്ത്രിക്കുന്നു.

ഭാരതീയ ആത്മീയതയുടെ അടിസ്ഥാന ഘടകങ്ങളെക്കുറി ച്ചുള്ള, ആധുനികവിശകലനമാണ് ഈ പുസ്തകം. സാധാരണ ക്കാർക്ക് അവ്യക്തങ്ങളായ ചിന്താധാരകളുടേയും ഈശ്വരസങ്കൽപ്പ ങ്ങളുടേയും പിന്നിലുള്ള ശാസ്ത്രീയവശങ്ങളെ വിലയിരുത്തുവാ നുള്ള ശ്രമമാണിവിടെ നടത്തിയിരിക്കുന്നത്. ലോകമെമ്പാടും കൂടു തൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരുംകാലങ്ങളിൽ, പഠന ഗവേഷണഫലങ്ങൾ കൂടി ഉൾപ്പെടുത്തി ഈ പുസ്തകം സമഗ്രമാ ക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടേയിരിക്കും. പുരാതനവും ആധു നികവുമായ ആത്മീയ ഭൗതിക ശാസ്ത്രങ്ങളുടെ സമഗ്രസമഞ്ജ സത്തിനായുള്ള പഠന-ഗവേഷണ-പ്രചരണ കർമ്മപരിപാടികളാണ് **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്** (IISH) ഏറ്റെടുത്തിരിക്കുന്നത്. ഏവരുടേയും അനുഗ്രഹാശിസ്സുകൾ പ്രതീക്ഷിക്കട്ടെ.....

ഡോ. എം. സാംബശിവൻ
ചെയർമാൻ

ഡോ. എൻ. ഗോപാലകൃഷ്ണൻ
ഹോണ. ഡയറക്ടർ

Scanned with CamScanner

സനാതന ധർമ്മ മഹത്വം

ഭാരതീയ സംസ്കാരം അറിയപ്പെടുന്നതുതന്നെ സനാതന ധർമ്മം എന്ന പേരിലാണ്. അനവധി ധർമ്മ ഗ്രന്ഥങ്ങളും ആചാര്യന്മാരും, തത്വചിന്തകരും, ശാസ്ത്രജ്ഞന്മാരും സമ്പുഷ്ടമാക്കിയ ധർമ്മമാണിത്. ചിരപുരാതനമായ ഈ ധർമ്മം നിത്യനൂതനവുമാണ് എന്ന് വളരെ വ്യക്തമായി അനുഭവേദ്യഷ്ട്യാ പറയുവാൻ സാധിക്കും.

വേദവരികളിൽ നിന്നും ഉദ്ധരിച്ചെടുത്ത **ബൃഹസ്പതിഃപ്രഥമം ജായമാനഃ..... തിഷ്യം നക്ഷത്രം അഭിസംബഭൂവ** എന്നവരി തൈത്തിരീയ ബ്രാഹ്മണത്തിലും താണ്ഡ്യബ്രാഹ്മണത്തിലും ഋഗ്വേദത്തിന്റെ പത്താം മണ്ഡലത്തിലുമുണ്ട്. പൂയം നക്ഷത്രത്തെ ഗ്രഹണം പോലെ മറച്ചതിനുശേഷം വ്യാഴഗ്രഹം കടന്നുപോകുന്നതിനെ വിവരിക്കുന്ന വരിയാണിത്. ആധുനിക ജ്യോതിശ്ശാസ്ത്രഗണിതമുപയോഗിച്ച് നോക്കുമ്പോൾ വ്യാഴഗ്രഹവും പൂയം നക്ഷത്രവും പരസ്പരം മറച്ചത് ഏതാണ്ട് BC 4275 $\pm$ 75 ൽ ആയിരുന്നു. അതായത് ഋഗ്വേദ ഋഷിവര്യന്മാർ ഈ പ്രതിഭാസം കണ്ടെത്തിയതിനുശേഷം എഴുതിയ വരിയിൽ നിന്നും വ്യക്തമാകുന്നു, ഋഗ്വേദത്തിന് 6275 വർഷത്തെ പഴക്കമുണ്ടെന്ന്. ഇതിൽ ഏതാണ്ട് 397265 അക്ഷരങ്ങൾ ചേർത്ത് 193816 പദങ്ങളും, അവയെ 10552 ഋക്കുകളിലായി 2024 വർഗങ്ങളിൽ ഒതുക്കി 64 അദ്ധ്യായങ്ങളിലുമാക്കിയിരിക്കുന്നു. ഇത്രയും സംസ്കൃത പദങ്ങൾ ഋഗ്വേദരചനാകാലത്ത് നിലവിൽ വരണമായിരുന്നു എങ്കിൽ, സംസ്കൃതത്തിന്റെ വളർച്ചയും വൈദിക ചിന്താധാരകളും അതിനെത്രകാലം മുമ്പുണ്ടായിരിന്നിരിക്കണം. കുറഞ്ഞത് ഒരായിരം വർഷത്തേക്കുമാത്രം പുറകോട്ടുപോയാൽ പോലും ഭാരതീയ ചിന്താധാരകൾക്ക് 7000ത്തിലധികം വർഷങ്ങളിലെ ചിരപുരാതനത്വമുണ്ട്.

ആധുനികശാസ്ത്രത്തിനും ഇതിനുവിരുദ്ധമായി ഒന്നും പറയുവാനില്ലതന്നെ. കാർബൺ ഡേറ്റിങ് സാങ്കേതികവിദ്യകളിലൂടെ മോഹൻ ജോ ദാരോ, ഹാരപ്പ, ലോഥൽ, കാലിബഗാൻ തുടങ്ങി, മുപ്പത്തി അഞ്ചിൽ പരം പ്രദേശങ്ങളിൽ നിന്നും പുരാവസ്തു ഗവേഷകർക്ക് ഇത്രയും തന്നെ പഴക്കം ചെന്ന വസ്തുക്കൾ കണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ രണ്ടു വസ്തുതകളിൽ നിന്നും ഒരു കാര്യം വളരെ വ്യക്തമാകുന്നു. ഭാരതീയ സംസ്കൃതിയുടെ ചിരപുരാതനത്വം **അംഗീകൃതമായ ഒരു ശാസ്ത്ര സത്യമാണ്.**

Scanned with CamScanner

ഈ ധർമ്മം നിത്യനൂതനവുമാണ്. അതിപുരാതനങ്ങളായ ഗ്രീക്ക് - ഈജിപ്ഷ്യൻ - റോമൻ - മെസോപ്പെട്ടേമിയൻ സംസ്കാരങ്ങൾ പൂർണ്ണമായും നാമാവശേഷമായി. അവയുടെ ചിന്താധാരകളുടെ ഒരു കതിർമണി പോലും ആ ദേശങ്ങളിൽ ഇന്നവശേഷിക്കുന്നില്ല. ചൈനീസ് സംസ്കാരം ഊർദ്ധ്വ ശ്വാസം വലിക്കുന്നു. അത്ഭുതമെന്നുപറയാതെവയ്യ. ചൈനീസ് സംസ്കൃതിയുടെ ഭാരതീയ ചൈതന്യം തുളുമ്പുന്ന ബുദ്ധ-രാമായണാദി ചിന്താധാരകൾ മാത്രമാണ് ജീവസ്സുറ്റവയായി ഇന്നും അവിടെ നിലകൊള്ളുന്നത്. ചൈനയുടേത് മാത്രമായ സത്തുകൾ നശിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ ഭാരതീയ സംസ്കൃതി എവിടെ നിൽക്കുന്നു? ഒരായിരം വർഷത്തെ അടിമത്തത്തിനുശേഷവും ചാരിത്ര്യവും ചൈതന്യവും നശിക്കാതെ പ്രഭാപൂരിതമായി തിളങ്ങിക്കൊണ്ടു തന്നെ വിരാജിക്കുന്നു!

ലോകമെമ്പാടും ഭാരതത്തിന്റെ ആത്മചൈതന്യപ്രഭ സ്വീകരിക്കുവാൻ ജനസഹസ്രങ്ങൾ മുമ്പോട്ടുവരുന്നു. ശാസ്ത്രത്തിന്റെ ഗവേഷണഫലങ്ങൾ ആധുനികനേട്ടങ്ങളിൽനിന്നും അത്യന്താധുനിക നേട്ടങ്ങളിലേയ്ക്ക് കുതിക്കുമ്പോൾ, അതേ ശാസ്ത്രത്തിന്റെ പഠന-ഗവേഷണ നേട്ടങ്ങളുപയോഗിച്ചുപോലും, ഭാരതീയ സംസ്കൃതിയുടെ ഓരോ തന്തുക്കളേയും വിശകലനം ചെയ്യുവാനും ശക്തിപ്പെടുത്തുവാനും സാധിക്കുമെന്നുള്ളതുതന്നെയാണ് ഭാരതീയ സംസ്കൃതിയുടെ മഹത്വം. അതാണീ സംസ്കൃതിയുടെ നിത്യനൂതനത്വത്തിനു കാരണവും.

ആധുനികജനതയും ശാസ്ത്രലോകവും ഈ ധാർമ്മിക ചിന്താധാരകളെ ചൈതന്യവത്തായി കാണുന്നു എന്നത് വ്യക്തമാക്കുന്നതിന് അനേകം തെളിവുകൾ നിരത്തുവാൻ സാധിക്കും.

അത്യന്താധുനിക ചികിത്സാസമ്പ്രദായമായ ക്വാണ്ടം ഹീലിങ്ങ് ഭാരതീയ-ആയുർവേദ സംഭാവനയാണ്. രാസ ഔഷധങ്ങളിൽ നിന്നും അണു-കീടനാശിനികളിൽ നിന്നും, പ്രകൃത്യാ ലഭിക്കുന്ന ഔഷധ സസ്യങ്ങളിലേയ്ക്ക് ലോകശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. പൂർണ സസ്യാഹാരമാണ് പൂർണ്ണാരോഗ്യത്തിനും യോജ്യമെന്ന് സമർത്ഥിക്കപ്പെട്ടിരിക്കുന്നു. ഉപവാസവും, വ്രതവും, അനവധി ആചാരങ്ങളും ശരീരത്തിനേറെയും മനസ്സിനേറെയും രോഗമുക്തിക്ക് ഉത്തമമാണെന്ന് തെളിവുകൾ നിരത്തുന്ന ശാസ്ത്രജ്ഞന്മാർ അനവധിയുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള, മലയാളം മാത്രമറിയാവുന്ന അമൃതാനന്ദമയി ദേവി U N O യിൽ പ്രസംഗിച്ചിരിക്കുന്നു. ശ്രീ സത്യസായി ബാബയുടെ എഴുപതാം ജന്മദിനാഘോഷങ്ങളിൽ പുട്ടപർത്തി ഗ്രാമത്തിൽ

Scanned with CamScanner

പങ്കെടുത്ത വിദേശികളുടെമാത്രം എണ്ണം മൂന്നു ലക്ഷത്തിലധിക മായിരുന്നു. ഭാരതീയ ആത്മീയാചാര്യന്മാരുടെ ദർശനത്തിന് കാത്തുനിൽക്കുന്ന വിദേശീയരുടെ സംഖ്യ അനുദിനം വർദ്ധിക്കുന്നു. ബോംബെയിൽ നടന്ന ഹരേകൃഷ്ണ പ്രസ്ഥാനത്തിന്റെ ആഗോള ശാസ്ത്ര സമ്മേളനത്തിൽ ഏതാണ്ട് അമ്പതോളം നോബൽ സമ്മാനം നേടിയ (ക്രിസ്തു മതത്തിൽ പിറന്ന) ശാസ്ത്രജ്ഞന്മാർ പങ്കെടുത്തിരുന്നു. വേദഗണിതം പാശ്ചാത്യരാജ്യങ്ങളിലെ വിദ്യാലയങ്ങളിൽ സിലബസ്സിന്റെ ഭാഗമായിരിക്കുന്നു. ധ്യാനവും യോഗവും അമേരിക്കയിലെ ചികിത്സാ ഗ്രന്ഥങ്ങളിൽ ഒരദ്ധ്യായമായി ചേർക്കുന്നത് സാധാരണയായി. ആധുനിക മാനേജ്മെൻറ് പഠനത്തിന്റെ അവസാന വാക്കുകളായി തീർന്നിരിക്കുന്നുവത്രെ ഭഗവത്ഗീതയും യോഗവാസിഷ്ഠവും. മന്ത്രധ്വനികൾക്ക് ശരീരത്തിലും മനസ്സിലും ഉണ്ടാക്കുവാൻ സാധിക്കുന്ന സദ്ഫലങ്ങൾ പഠിക്കുന്ന സൈക്കോലിംഗ്വിസ്റ്റിക്ക് ഇഫക്റ്റ് വിഭാഗം വികസിത രാഷ്ട്രങ്ങളിലെ വിശ്വ വിദ്യാലയങ്ങളിൽ പ്രവർത്തന മാരംഭിച്ചിരിക്കുന്നു. സെൽഫ് അവയർ യൂണിവേഴ്സ് എന്ന പുതു നാമത്തോടെ പുറത്തുവരുന്ന ഭാരതീയ പ്രപഞ്ചപുരുഷ സങ്കൽപം പുതിയ കോഴ്സുകളിലൂടെ പഠിക്കുവാൻ സന്നദ്ധരായവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു മഹത് പ്രതിഭാസം ദൃശ്യമാണ്! ആയിരത്തോളം വേദപണ്ഡിതന്മാരെ ചാർട്ടേഡ് വിമാനത്തിൽ, ഭാരതത്തിൽ നിന്നും കൊണ്ടുപോയി യാഗം നടത്തി അതിന്റെ സദ്ഫലങ്ങളെക്കുറിച്ച് പഠിക്കുവാൻ വരെ അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും അതി പ്രസിദ്ധമായ യൂണിവേഴ്സിറ്റികൾ തയ്യാറായി. പുരാതനമായ ഭാരതീയ താളിയോല ഗ്രന്ഥങ്ങൾ, ഏതു വിഷയവുമായി ബന്ധപ്പെട്ടവയാണെങ്കിലും വിലമതിക്കാനാകാത്ത നിലയിൽ സ്വീകരിക്കുവാൻ ആധുനിക ശാസ്ത്ര സമൂഹം തയ്യാറാണെന്നും പറയുമ്പോൾ മാത്രമേ ഭാരതീയ സംസ്കൃതിയുടെ നിത്യനൂതനത്വം സത്യമാണെന്നറിയുവാൻ സാധിക്കൂ!.

ചിരപുരാതനമായ ഭാരതസംസ്കൃതി ഇന്നും പൂർവ്വാധികം ശോഭയോടെ വിരാജിക്കുവാൻ കാരണമുണ്ട്. അവയിലെ ഓരോ വിചാരവും, വികാരവും, വിശ്വാസവും ശാസ്ത്രീയമാണെന്നതു തന്നെ! ആധുനിക ശാസ്ത്രത്തിന്റെ സ്വന്തമായ നൂതന ഉപകരണങ്ങളെടുത്തു പരിശോധിച്ചാലും ഈ ചിന്താധാരകളിൽ അന്തർലീനമായിരിക്കുന്ന ശാസ്ത്രസത്യങ്ങൾ കണ്ടെത്താനാകും. ശാസ്ത്രീയമല്ലാത്ത എല്ലാ വിചാരങ്ങളേയും നീക്കംചെയ്യുന്ന ശുദ്ധീകരണത്തിന് കാലാകാലങ്ങളിൽ ഋഷി തുല്യരായവർ ഇവിടെ അവതരിക്കുകയും ചെയ്യാറുണ്ട്.

Scanned with CamScanner

അതുകൊണ്ടത്രെ സനാതന ധർമ്മമൂല്യങ്ങൾ ഈ അത്യന്താധുനിക ശാസ്ത്രത്തിന്റെ കാലഘട്ടത്തിലും പ്രഭാപൂരിതമായി വർത്തിക്കുന്നത്.

ഭാരതീയ ചിന്താധാരകൾ വസ്തുതാപരമായിതന്നെ ശാസ്ത്രീയമായിരുന്നുവോ എന്നറിയണം. അതിനായി ആധുനിക ശാസ്ത്രത്തിന്റെ അളവുകോലുകൾ ഉപയോഗിച്ചുതന്നെ ഇവയെല്ലാം വിശകലനം ചെയ്യുകയും വേണം. ആത്മീയതയ്ക്കപ്പുറം ഭൗതികമായ വസ്തുതകളും, മനുഷ്യ നന്മ, തുടങ്ങിയ സദ്ഫലങ്ങളും സനാതന സംസ്കൃതിയിൽ എത്രത്തോളം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തുക എന്നതും വിശകലനത്തിന്റെ ലക്ഷ്യങ്ങളിലൊന്നായി കണ്ടുകൊണ്ടുള്ള ഒരു പഠനം മാത്രമാണ് ഈ ലഘു പുസ്തകം. ആധുനിക ശാസ്ത്രത്തിന് കണ്ടെത്തുവാൻ ഇനിയും സാധിച്ചിട്ടില്ലാത്തതും, ചിലപ്പോൾ ഒരിക്കലും സാധിക്കാത്തതുമായ ധാരാളം വസ്തുതകൾ ഉണ്ടെങ്കിലും ശാസ്ത്രദൃഷ്ട്യാ ലഭ്യമായ വസ്തുതകൾ മാത്രമാണിവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആത്മീയതക്കൊരു വ്യക്തമായ വിശകലനം നൽകുവാൻ ആധുനിക ശാസ്ത്രത്തിന് ഇന്നും സാധിച്ചിട്ടില്ല. അതിന്റെ മഹത്വം വ്യക്തമായി അറിയുന്ന ശാസ്ത്രജ്ഞന്മാർപോലും, ചിന്താമണ്ഡലത്തിനപ്പുറം എത്തുവാൻ ഒരു ശ്രമം മാത്രമാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ ആത്മീയതയെ വിശകലനം ചെയ്യുവാനുള്ള ഒരു ലക്ഷ്യം ഈ പുസ്തകത്തിനില്ല.

ലോകത്തിലൊരു രാജ്യത്തും സംസ്കാരം ഒരിക്കലും സമൂഹത്തിന്റെ ഇത്രയും അടിത്തട്ടിലേക്ക് വ്യാപിച്ചിട്ടില്ല. ഒരു രാജ്യത്തിനും അനാര്യന്മാരെ ആര്യന്മാരാക്കുവാൻ (ശ്രേഷ്ഠന്മാരാക്കുവാൻ) സാധിച്ചിട്ടില്ല. സമൂഹത്തിന്റെ നന്മകൾ വിപുലമായി എല്ലാ തട്ടിലേക്കും പരന്നിരിക്കുന്നത് ഭാരതത്തിലേതുപോലെ മറ്റെവിടെയാണ്.

(പ്രൊഫ. ജെ.സി. ബോസ്)

സൃഷ്ടിയല്ല (Creation) അവതരണ (Manifestation) ത്തിന്റെ വിശകലനമാണ് ആധുനിക ശാസ്ത്രം. സഹസ്രാബ്ദങ്ങളായി ഹിന്ദുക്കൾ, അവർക്ക് പ്രിയപ്പെട്ടതെന്ന് കരുതിയിരുന്ന വിശ്വാസ പ്രമാണങ്ങളെ ശാസ്ത്രത്തിന്റെ ശക്തമായ ഭാഷയിലും പ്രകാശത്തിലും അവതരിപ്പിക്കുകയാണ് ആധുനിക ശാസ്ത്രം.

(സ്വാമിവിവേകാനന്ദൻ)

Scanned with CamScanner

ഭാരതീയചിന്താധാരകളിലെ ശാസ്ത്രീയവീക്ഷണം

വേദോപനിഷത്തുകൾ മുതൽ ശുദ്ധ ശാസ്ത്ര ഗ്രന്ഥങ്ങൾ വരെ, ഭാരതീയമായ എല്ലാ ജ്ഞാന-വിജ്ഞാന സ്രോതസ്സുകളിലും പ്രകടമായി ദൃശ്യമാകുന്ന ഒന്നാണ് ശാസ്ത്രീയവീക്ഷണം. ആധുനിക ശാസ്ത്രത്തിന്റെ സംഭാവനയാണിതെന്ന് തെറ്റിദ്ധരിക്കാറുണ്ട്. Scientific temper, മറ്റ് ചില മതങ്ങളിൽ മതവിരുദ്ധമായിത്തന്നെ കാണുന്ന പതിവുണ്ട്. എന്നാൽ ഭാരതീയ ചിന്താധാരകളുടെ അഭേദ്യഘടകമാണ് ശാസ്ത്രീയ വീക്ഷണം.

സാക്ഷാത് അനുഭവൈർദൃഷ്ടോ ന ശ്രുതോ ന ഗുരു ദർശിതഃ

ലോകാനാം ഉപകാരായ ഏതത് സർവം പ്രദർശിതം

എന്ന വാക്യം വളരെ പ്രസക്തമാണ്..... നേരിട്ട്, സ്വന്തം അനുഭവം കൊണ്ട് ദർശിച്ചതാണ്. കേട്ടുകേൾവിയോ ഗുരുദർശനങ്ങളോ അല്ല. സ്വാനുഭവത്തിലൂടെ ലഭിച്ച വിജ്ഞാനം ലോകനന്മക്കായി പ്രതിപാദിക്കുകയാണ് ഋഷിവര്യൻ.

ഗുരുദർശനങ്ങളും , ഗുരുവചനങ്ങളും അപ്പാടെ സ്വീകരിക്കണമെന്ന് ഒരു നിർദ്ദേശവും നമ്മുടെ ഗ്രന്ഥങ്ങളിലില്ല. ഗുരുപോലും അപ്രകാരം നിഷ്കർഷിക്കാറില്ല.

ശനൈഃ പന്ഥാ ശനൈർവിദ്യാ ശനൈഃ പർവതലംഘനം

ആചാര്യാത് പാദമാദത്തേ പാദം ശിഷ്യസ്വമേധയാ

പാദം സബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണ ച.

അധിക ദൂരം സഞ്ചരിക്കേണ്ടവർ നടക്കേണ്ടതും, ഗഹനമായ തലത്തിലേക്ക് വിദ്യാന്വേഷിയാകുന്നവർ പഠിക്കേണ്ടതും പർവ്വതം കീഴടക്കാൻ പോകുന്നവൻ കയറേണ്ടതും. പതുക്കെവേണം (Slow and Steady wins the race) വിദ്യാർത്ഥി, ആചാര്യനിൽ നിന്ന് കാൽഭാഗം ഉൾക്കൊള്ളുകയും, കാൽഭാഗം സ്വയം കണ്ടെത്തുകയും, കാൽഭാഗം മറ്റുള്ള വിദ്യാർത്ഥികളുമായി ചർച്ചചെയ്തും, അവസാനത്തെകാൽഭാഗം കാലക്രമത്തിൽ ഉണ്ടാകേണ്ടതുമാണ്. ഇതാണ് ജ്ഞാന സമ്പാദനമാർഗം എന്നു വ്യക്തമാകുന്നു. ആചാര്യനെ കണ്ണുമടച്ച് പിൻതുടരുവാൻ ഇവിടെ നിർദ്ദേശമില്ല. സ്വന്തം ഉത്തരവാദിത്വം പൂർത്തീകരിക്കുവാനും ദേശകാലാടിസ്ഥാനത്തിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുവാനും

Scanned with CamScanner

നിർദ്ദേശമുണ്ട്. ആരിൽ നിന്നാണോ വിദ്യ സമ്പാദിക്കേണ്ടത് അവരുടെ ലക്ഷണവും വ്യക്തമാക്കുന്നതാണ് നമ്മുടെ ചിന്താധാരകൾ!

ആചിനോതി ച ശാസ്ത്രാർത്ഥാൻ ശിഷ്യാൻ സാധയതേ സുധീഃ

സ്വയമാചരതി ചൈവ സ ആചാര്യ ഇതി സ്മൃതഃ

ശാസ്ത്രീയമായി വസ്തുതകളുടെ അർത്ഥം അറിയാവുന്നവനും, ശിഷ്യന്മാർക്ക് എളുപ്പത്തിൽ മനസിലാക്കികൊടുക്കുന്നവനും, കൊടുക്കുന്ന ഉപദേശങ്ങൾ സ്വയം അനുഷ്ഠിക്കുന്നവനും ആരാണോ, അദ്ദേഹത്തെ ആചാര്യനായി സ്മരിക്കുന്നു. വസ്തുതകൾ അറിയുവാനും പഠിക്കുവാനും ഉൾക്കൊള്ളുവാനും സദാ സന്നദ്ധരായിരിക്കണം വിദ്യാർത്ഥികൾ. പ്രകൃതിയും പ്രപഞ്ചവുമാണ് വിദ്യയുടെ സ്രോതസ്സ്. അതുകൊണ്ടു തന്നെയാണ് വിദ്യാസ്രോതസ്സിലെ എല്ലാം മനസ്സിലാക്കുവാൻ അവർ തയ്യാറായിരിക്കണമെന്നും ഇവിടെ ഉൽഘോഷിക്കപ്പെടുന്നത്.

കാകദൃഷ്ടിർബകധ്യാനം ശ്വാന നിദ്രാ തഥൈവച

അൽപാഹാരം ജീർണ്ണ വസ്ത്രം ഏതദ് വിദ്യാർത്ഥിലക്ഷണം

അറിവിനോടുള്ള വ്യക്തമായ ഒരു ശാസ്ത്രീയ സമീപനമാണിത്. വസ്തുതകൾ വിശകലനം ചെയ്യുമ്പോൾ അടിസ്ഥാനമാകേണ്ടത് ഇതാണ്. **"ശാസ്ത്രം പ്രമാണം"** എന്ന മുദ്രാവാക്യത്തിലൂടെയും ശാസ്ത്രീയ പ്രമാണത്തിലൂടെയുമുള്ള വിശകലനം അസാദ്ധ്യമെങ്കിൽ **"ആപ്തവാക്യം പ്രമാണം"** എന്ന് പറയുന്നു. ഇത് ശാസ്ത്രവീക്ഷണത്തിന്റെ ആണിക്കല്ലുകളാണല്ലോ!

ഭഗവദ്ഗീതോപദേശത്തിൽ ശ്രീകൃഷ്ണൻ നൽകുന്ന അവസാന നിർദ്ദേശത്തിന്നപ്പുറത്ത് ശാസ്ത്ര വീക്ഷണ നിർവചനമേ അസാദ്ധ്യമാണ്.

ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാത് ഗുഹ്യതരം മയാ

വിമൃശ്യൈതത് അശേഷേണ യഥേച്ഛസി തഥാ കുരു

അതിഗഹനമായ ജ്ഞാനം ഞാൻ നിനക്ക് പറഞ്ഞുതന്നു. ഈ ഉപദേശങ്ങൾ പൂർണ്ണമായും വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് നിനക്കനുയോജ്യമെന്ന് തോന്നുന്നതു ചെയ്യുക!

വിമർശനാത്മകമായ വിശകലനവും യുക്തമായ തീരുമാന സ്വാതന്ത്രവും നൽകുന്ന വീക്ഷണമാണ് ശാസ്ത്രീയ വീക്ഷണം.

Scanned with CamScanner

പുരാണങ്ങൾ മുഴുവനും വർണിച്ച ശ്രീ ശുക ബ്രഹ്മർഷി നൽകുന്ന ഉപദേശവും ശാസ്ത്രീയ വീക്ഷണത്തിന്റെ ഉത്തമ ഉദാഹരണമാണ്.

വിജ്ഞാന വൈരാഗ്യ വിവക്ഷയാവിദോ

വചോ വിഭൂതിർ ന തു പാരമാർത്ഥ്യം

ഇക്കഥകളെല്ലാം പുരാണങ്ങളിൽ വിവരിച്ചിരിക്കുന്നത്, അറിവുണ്ടാകുവാനും, വിശകലനത്തിലൂടെ വൈരാഗ്യ (ദ്വേഷവും പകയുമല്ല) - detachment - മുണ്ടാകുവാനുമാണ്. പുരാണവരികൾ പരമാർത്ഥമായ വസ്തുതകളാണെന്ന് ധരിക്കേണ്ടതില്ല. ഈ വരികളുടെ ദൃഷ്ടികോൺ തന്നെയാണല്ലോ, **പുരാണമിത്യേവ ന സാധു സർവം** എന്നതുകൊണ്ടുദ്ദേശിക്കുന്നതും!

ആ ശിക്ഷായൈ പ്രശ്നിനം

ഉപശിക്ഷായൈ അഭി പ്രശ്നിനം എന്ന് യജുർവേദം പറയുന്നത് വിദ്യക്കുവേണ്ടി ചോദിക്കുക. കൂടുതൽ ഗഹനമായി അറിയുവാൻ വേണ്ടി എല്ലാ ദിശയിൽ നിന്നും ചോദിക്കുക!, എന്നാണ്.

ഇപ്രകാരം വേദ പുരാണേതിഹാസങ്ങളെല്ലാം ശാസ്ത്രീയ വീക്ഷണം ഉണ്ടാകേണ്ട ഉപദേശം തരുന്നു. നചി കേതസ്സിന്റെ കഥ തന്നെ ശാസ്ത്രീയ വിക്ഷണത്തിനായുള്ള ജീവസ്സുറ്റ വിവരണമാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ ഗർവ്, അഹംഭാവം, അജ്ഞാനം, തുടങ്ങിയ ശാസ്ത്രീയവീക്ഷണ വിപരീതങ്ങളായ മാനസികാവസ്ഥകൾക്കെതിരായ ആഹ്വാനങ്ങളാണ് നമ്മുടെ ഗ്രന്ഥങ്ങളിലെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. തെറ്റുകളും, അശാസ്ത്രീയ വിവരണങ്ങളും അടങ്ങുന്ന ചിന്താധാരകളും, കർമ്മ പരിപാടികളും സ്വീകരിക്കണമെന്ന് ഒരു നിർബന്ധവും ഇവിടെ ഉണ്ടായിരുന്നില്ല.

താതസ്യ കൂപോ/യം ഇതി ബ്രുവാണാഃ

ക്ഷാരം ജലം പിബന്തി

അച്ഛൻ കുഴിച്ച കിണറാണെന്ന് പറഞ്ഞ് അതിൽ ഉപ്പുവെള്ളമാണെങ്കിൽ ഏതു മനുഷ്യനാണ് കുടിക്കുവാൻ തയ്യാറാക്കുക. (ഉപ്പുവെള്ളം കുടിച്ച് അച്ഛനോടുള്ള ആദരവ് കാണിക്കേണ്ട ഒരു കാര്യവുമില്ലതന്നെ) തെറ്റുകൾ ആചരിച്ച് പൂർവാചാര്യന്മാരോടുള്ള ആദരവ് പ്രകടിപ്പിക്കേണ്ട കാര്യമില്ല എന്നാണല്ലോ ഇതിന്റെ സന്ദേശം!

Scanned with CamScanner

ശാസ്ത്രവും ആത്മീയതയും

ഭാരതത്തിൽ,ആത്മീയത, സ്വർഗത്തിലേക്കുള്ള പന്ഥാവായിരുന്നില്ല. സ്വർഗവും നരകവും മനുഷ്യ ജന്മത്തിലെ തന്നെ അഥവാ ഈ ജീവിതത്തിലെ അനുഭവങ്ങളാണെന്ന വിശ്വാസം ഇവിടെ പ്രചുര പ്രചാരത്തിലുണ്ടുതാനും. നമ്മുടെ ആത്മീയതയുടെ ഗഹനമായ ഭാഗം മോക്ഷമെന്ന മോചനമാണ്. മോചനമെന്ന മുക്തിയാകട്ടെ ഇന്ന് ആധുനിക മാനേജ്മെൻറ് വിഷയത്തിൽ പഠിപ്പിക്കുന്ന ബന്ധമുക്തിയാണ്. (അഥവാ detatchment). ഭഗവത്ഗീതയിലെ ഈ വരി തന്നെയാണ് മാനേജ്മെൻറ് വിഷയം കൈകാര്യം ചെയ്യുന്നവർക്കും പറയുവാനുള്ളത്.

സംഗാത് സംജായതേ കാമഃ കാമാത് ക്രോധോഭി ജായതേ
ക്രോധാത് ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതിവിഭ്രമഃ
സ്മൃതി ഭ്രംശാത് ബുദ്ധി നാശോ ബുദ്ധിനാശാത് പ്രണശ്യതി.

ബന്ധങ്ങൾ ആഗ്രഹങ്ങൾക്ക് കാരണമാകുന്നു. ആഗ്രഹങ്ങളാകട്ടെ ക്രോധവികാരങ്ങൾക്കും. ക്രോധം അത്യുൽക്കടമായ മാനസികാ വസ്ഥക്കും. ഈ മാനസികാവസ്ഥ ചിന്താ മണ്ഡലത്തിൻെറ ഹാനിക്കും, അപകമായ ചിന്താമണ്ഡലം ബുദ്ധിഭ്രംശത്തിനും, ബുദ്ധിഭ്രംശം സർവനാശത്തിലുമെത്തിക്കുന്നു. ഇതിൻെറ പല അവസ്ഥകളിലാണ് നമ്മിൽ പലരും ഇപ്പോൾ വർത്തിക്കുന്നത്. ആ അവസ്ഥകളിൽ നമ്മെ എത്തിച്ചത് അനിയന്ത്രിതമായ ബന്ധങ്ങളും ആഗ്രഹങ്ങളുമാണ്. അവയുടെ കാഠിന്യം കുറയ്ക്കുവാനും, ഒരു പരിധിവരെ നിയന്ത്രിക്കുവാനും വേണ്ട മാനസികാവസ്ഥയാണ് മുക്തി. ധർമ്മാർത്ഥകാമമോക്ഷങ്ങൾ എന്ന നാലു ജീവിത ലക്ഷ്യങ്ങളിൽ അർത്ഥകാമങ്ങൾ മനുഷ്യ മനസ്സിൻെറ നിയന്ത്രണത്തിൻെറ പരിധി വിടാതിരിക്കുവാൻ സാധിക്കുന്നത് മുക്തി ലക്ഷ്യമാക്കുമ്പോഴാണ്. ആ മോക്ഷ ചിന്ത ആത്മീയമെന്നതുപോലെ തന്നെ ശുദ്ധ ഭൗതികവുമാണ്. അതുകൊണ്ട് ഭാരതീയ സംസ്കൃതിയിലൂടെയുള്ള ജീവിത ലക്ഷ്യം മരണശേഷമുള്ള മുക്തിയല്ല. ജീവിത സുഖാനുവേങ്ങൾക്കായുള്ള പരിധി നിർണയം മാത്രമാണ്.

ഈ വിശകലനങ്ങളിലൂടെ നോക്കുമ്പോൾ, ശാസ്ത്രവും ആത്മീയതയും പരസ്പരം പൂരകങ്ങളായി വർത്തിക്കുന്നത് കാണുവാൻ സാധിക്കുന്ന ലോകത്തിലെ ഒരേ ഒരു ധർമ്മം സനാതനധർമ്മമാണെന്ന് വ്യക്തമാകുന്നു. ഈശാവാസ്യോപനിഷത്തിലെ ഈ വരികൾ ആ ദർശനത്തിനുദാഹരണങ്ങളാണ്.

Scanned with CamScanner

വിദ്യാം ച അവിദ്യാം ച യസ്തദ് വേദോഭയം സഹ

അവിദ്യയാമൃത്യും തീർത്ത്വാ വിദ്യയാ അമൃതമശ്നുതേ

ആത്മീയ വിദ്യാ, ഭൗതികവിദ്യ (അവിദ്യ) എന്നിപ്രകാരം ജ്ഞാനം രണ്ടു വിധമാണ്. ഭൗതികമായ ശാസ്ത്രനേട്ടങ്ങൾകൊണ്ട് സംസാരസാഗര ദുഃഖത്തെ (മൃത്യുവിനെ-വേദനകളെ) അതിജീവിച്ച് ആത്മീയ വിദ്യകൊണ്ട് അമരത്വത്തെ പ്രാപിക്കുക. ഈ വരികളിലൂടെ ആത്മീയ-ഭൗതിക ചിന്താധാരകളുടെ സമന്വയം സ്ഫടികതുല്യമായി വ്യക്തമാകുന്നുണ്ട്. വീണ്ടും അതി സൂക്ഷ്മമായ വിവരണം തുടർന്നുള്ള വരികളിലുമുണ്ട്.

അന്ധം തമഃ പ്രവിശന്തി യേഽവിദ്യാ മുപാസതേ

തതോ ഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതാഃ

ഭൗതികമായ ശാസ്ത്ര വിജ്ഞാനത്തെ മാത്രം ഉപാസിക്കുന്ന വ്യക്തി കൂരിരുട്ടിലേയ്ക്ക് പോകുകയാണ്. അതു തന്നെ സംഭവിക്കുന്നു, ആത്മീയമായ ജ്ഞാനത്തെമാത്രം ഉപാസിക്കുന്ന വ്യക്തിക്കും.

രണ്ടു വിചാരധാരകളുടേയും സമഗ്രസമന്വയത്തിനാഹ്വാനം ചെയ്യുന്ന ഈ വിവരണം Science without religion, religion without science..... എന്ന പ്രസിദ്ധമായ ഐൻസ്റ്റീന്റെ വരികളോടു തുല്യമാണുതാനും. **ധർമ്മാർത്ഥകാമ മോക്ഷാണാം ആരോഗ്യമൂത്തമം** എന്ന ചരകന്റെ വരി, അർത്ഥകാമങ്ങൾ എന്ന ഭൗതീകതയും ധർമമോക്ഷങ്ങൾ എന്ന ആത്മീയതയും ബന്ധിപ്പിക്കുന്നത് ആരോഗ്യത്തിന്റെ പ്രാധാന്യം അറിയിക്കുന്നു,

ആത്മീയഗ്രന്ഥങ്ങളെഴുതിയ വിശ്വാമിത്രൻ - വ്യാസൻ - വാൽമീകി തുടങ്ങിയ ഋഷി വര്യന്മാരുടെ സ്ഥാനം തന്നെയാണല്ലോ ശാസ്ത്രഗ്രന്ഥങ്ങളെഴുതിയ ചരകമഹർഷി, സുശ്രുത മഹർഷി, ഭരദ്വാജ മഹർഷി എന്നിവർക്കും ഭാരതീയർ നൽകിയിരിക്കുന്നത്.

ഋഗ്വേദ യജുർവേദസംഹിതകൾക്കു തുല്യസ്ഥാനം ചരക സംഹിതക്കും സുശ്രുതസംഹിതക്കും നൽകിയിട്ടുണ്ട്. ആത്മീയ പദവി അലങ്കരിച്ചിരുന്നവരെ ആചാര്യന്മാരായി നാം കണ്ടിരുന്നു. ഈ അടുത്ത കാലം വരെയും ശാസ്ത്രജ്ഞന്മാരേയും ആചാര്യന്മാരായി കാണുവാൻ നമുക്ക് വിഷമമില്ലായിരുന്നു. ആര്യടോചാര്യനും, ഭാസ്കരാചാര്യനും, ആചാര്യ പി.സി. റേയും, ആചാര്യ ജെ.സി. ബോസും, നാമധേയത്തിൽ മാത്രമല്ല കർമ്മമണ്ഡലത്തിലും ആത്മീയതയും ശാസ്ത്രവും പരസ്പരം പൂരകങ്ങളായി കണ്ടവരാണ്. വളരെ വ്യക്തമായി സൂചിപ്പിച്ചാൽ നമ്മുടെ

Scanned with CamScanner

ഓരോ ചടങ്ങുകളിലും ആചാരങ്ങളിലും, വിശ്വാസങ്ങളിലും, സങ്കൽപങ്ങളിലും ആധുനികശാസ്ത്രത്തിന്റെ നിലവാരമുള്ള ശാസ്ത്രവും, ആത്മീയതയും ഇഴുകിചേർന്നിരിക്കുന്നതായിക്കാണാം. സൂക്ഷ്മ വിശകലനത്തിലൂടെ നോക്കിയാൽ ഭാരതത്തിലെ ആത്മീയ കർമ്മങ്ങൾ വ്യക്തിയുടേയും, കുടുംബത്തിന്റേയും സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും മാനസികമോ (മനശ്ശാസ്ത്രപരമോ) ശാരീരികമോ ആയ നന്മയ്ക്കും, കെട്ടുറപ്പിനും, ആസ്തിത്വത്തിനും വേണ്ടിയുള്ളതാണെന്ന് വ്യക്തമാകും. അതായത് ശാസ്ത്രീയമായി പ്രാധാന്യമർഹിക്കുന്നതാണെന്നു മനസ്സിലാകും. ഓരോ വ്യക്തിയുടേയും മാനസികവും, ശാരീരികവുമായ ആരോഗ്യാവസ്ഥയാണല്ലോ സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും ലക്ഷ്യം. അതുകൊണ്ടാണ് ഭൗതീകതയിൽ നിന്ന് വേറിട്ടൊരു ആത്മീയത ഭാരതത്തിലില്ലാത്തതും.

ഋഗ്വേദത്തിന്റെ ഉപവേദമായി അർത്ഥശാസ്ത്രം(economics), യജുർവേദത്തിന്റെ ഉപവേദമായി ധനുർവേദം, സാമവേദത്തിന്റെ ഉപവേദമായി ഗാന്ധർവവേദം (സംഗീത - നൃത്തം) അഥർവ വേദത്തിന്റെ ഉപവേദങ്ങളായി ആയുർവേദവും തച്ചുശാസ്ത്രവും ഉണ്ടായത് ആത്മീയതയുടെ അവിഭാജ്യഘടകമാണ് ഭൗതികശാസ്ത്രം എന്ന് തെളിയിക്കുന്നതിന് ഉത്തമ ഉദാഹരണമാണ്.

സനാതനധർമ്മത്തിന്റെ അടിസ്ഥാന ഈശ്വര സങ്കൽപങ്ങൾ

വേദങ്ങളും, ഉപനിഷത്തുകളും, വേദാംഗങ്ങളും പുരാണങ്ങളുമെല്ലാം പഠിച്ചാൽ നമ്മുടെ ഈശ്വരസങ്കൽപത്തിന്റെ വിശകലനം ലഭിക്കും. മറ്റേതൊരു മതത്തിന്റേയും കാഴ്ചപ്പാടുകളിൽ നിന്നും ഭിന്നമായ ഒരു ചിന്താധാരയാണ് നമുക്കുള്ളത്. ഉപനിഷത്തുകളിലെ തത്വശാസ്ത്രങ്ങളുടെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിക്കുന്നവർക്ക് ആ തലങ്ങളിൽ ഈശ്വരനിർവചനം സാധിക്കും. ഉപനിഷദ് ദർശനങ്ങളിലൂടെയുള്ള ഈശ്വര നിർവചന വിവരണത്തിന് ഏറ്റവും അനുയോജ്യമായ വരി ഇതാണെന്നു തോന്നുന്നു.

അണോരണീയാൻ മഹതോ മഹീയാൻ

ആത്മാഗുഹായാം നിഹിതോസ്യ ജന്തോഃ

അണുവിൽ വെച്ച് ഏറ്റവും ചെറിയ അണുവിലും മഹത്തായതിൽ വച്ച് ഏറ്റവും മഹത്തിലും ആത്മാവിന്റെ രൂപത്തിൽ സകലമാന

Scanned with CamScanner

ജീവജാലങ്ങളിലും വർത്തിക്കുന്ന ചൈതന്യമേതാണോ അതത്രെ ഈശ്വരൻ. ഉപനിഷത്തിന്റെ അഗാധതയിലേക്ക് എത്തുവാൻ സാധിക്കാത്തവർക്ക്, എന്നാൽ ജ്ഞാനികളായവർക്ക്, (ദൃശ്യപ്രപഞ്ചത്തെ മുമ്പിൽ സാക്ഷി നിർത്തി ചിന്തിക്കുവാൻ സാധിക്കുന്നവർക്ക്) സദാ ചലനാത്മകമായ ഈ ജഗത്തിനെ പ്രപഞ്ചപുരുഷന്റെ രൂപത്തിൽ കാണുവാൻ സാധിക്കും. നാലുവേദങ്ങളിലും സ്തുതിക്കുകയും, വർണ്ണിക്കുകയും ചെയ്യുന്നത് ഈ പ്രപഞ്ച രൂപത്തെയാണ്.

സഹസ്രശീർഷാ, പുരുഷഃ സഹസ്രാക്ഷ സ്സഹസ്രപാദ്

ആയിരക്കണക്കിന് തലയും, ആയിരക്കണക്കിന് നേത്രങ്ങളും പാദങ്ങളും ഉള്ള വിശ്വരൂപമാണിത്! വേദജ്ഞാനികൾക്ക് പ്രാപ്യമായ ഈശ്വരരൂപം. സൃഷ്ടി സ്ഥിതി സംഹാരം, നിരന്തരം നടക്കുന്ന, ജീവ ചൈതന്യമുള്ള ഭൂമണ്ഡലത്തിൽ, സാമാന്യജ്ഞാനികൾക്ക് പ്രാപ്യമായ മറ്റൊരു ഈശ്വര സങ്കൽപരൂപമുണ്ട്. ത്രിമൂർത്തി സങ്കൽപം! ബ്രഹ്മാ വിഷ്ണു മഹേശ്വര രൂപം. ഇതത്രേ ഗഹനമായ മഹാപുരാണങ്ങളിലെ ഒരു ഭാഗത്തിൽ സവിസ്തരം പ്രതിപാദിക്കപ്പെടുന്ന ഈശ്വരവിവരണം.

സാധാരണക്കാരായവർക്ക് മേൽവിവരിച്ച, മൂന്നുഭാവങ്ങളും (ബ്രഹ്മ സങ്കൽപം, പ്രപഞ്ച പുരുഷ സങ്കൽപം, ത്രിമൂർത്തി സങ്കൽപം) അപ്രാപ്യമാണെങ്കിൽ അവർക്ക് പ്രാപ്തമാകുന്ന ഈശ്വരരൂപമാണ് അവതാരങ്ങളിലൂടെ വിവരിക്കുന്നത്. ജീവിതത്തിലെ നന്മതിന്മകളെ പ്രതിപാദിക്കുന്ന പുരാണങ്ങളും ഇതിഹാസങ്ങളും ഈ വിഭാഗത്തിലെ ഈശ്വരചിന്തക്കാധാരമാകുന്നു. ഇതിലും താഴ്ന്ന നിലവാരത്തിലുമുണ്ട് ഈശ്വര സങ്കൽപം. മലദൈവം, വൃക്ഷദേവത, സർപ്പം ഇവയും സിദ്ധന്മാരെ പൂജിക്കുന്നതുമെല്ലാം സാധാരണയാണ്. ആഗമഗ്രന്ഥങ്ങളിൽ ചിലതിലെല്ലാം ഈ ചിന്താധാരകളുടെ വിവരണങ്ങളാണുള്ളത്. വ്യത്യസ്ത തലത്തിലുള്ള ഈശ്വര സങ്കൽപങ്ങൾക്ക് അവയുടേതായ മഹത്വമുണ്ട്. എല്ലാ സമൂഹത്തിലും ഈ ചിന്താധാരകൾക്ക് അവയുടെ സ്ഥാനവുമുണ്ട്. ഓരോ നിലവാരത്തിലുമുള്ള സങ്കൽപങ്ങളും അതിനടുത്തതുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇവയിലെല്ലാം വിശ്വാസങ്ങളുടെ ആത്മീയതയും വ്യക്തി - സമൂഹ , നന്മയുടെ ഭൗതികതയുമാണുള്ളത്.

ബ്രഹ്മ സങ്കൽപം

പ്രപഞ്ചത്തിലെ സർവ്വതും ബ്രഹ്മചൈതന്യമാണെന്ന് ഉപനിഷദ് ഉത്ഘോഷിക്കുന്നു. ഒരു സാധാരണ വിശ്വാസിയുടെ ദൃഷ്ടിയിലൂടെ ഈ വിവരണത്തിന് പ്രാധാന്യം ലഭിക്കുകയില്ല. ഒരു ശാസ്ത്രജ്ഞന്റേയും

Scanned with CamScanner

ബ്രഹ്മജ്ഞാനിയുടേയും വിജ്ഞാനത്തിന്റെ ചുവടുപിടിച്ച് വിശകലനം ചെയ്യുമ്പോൾ ശാസ്ത്രജ്ഞാനത്തിന്റെ അവസാന ബിന്ദുതന്നെയാണ് ബ്രഹ്മജ്ഞാനം എന്ന് വ്യക്തമാകും. അതിനായി ബ്രഹ്മജ്ഞാനം എന്താണെന്ന് നോക്കേണ്ടതുണ്ട്. സനാതന ധർമ്മത്തിന്റെ അടിസ്ഥാനമായ ഈശ്വരസങ്കൽപം ഏതു ബിന്ദുവിൽ നിന്നാരംഭിക്കുന്നു എന്നുള്ള പ്രശ്നത്തിന് ഉത്തമമത്രെ ഈ വരികൾ. ഉപനിഷദ് വരികളുടെ അന്തഃസത്തയാണിതെന്ന് വിവരിച്ചിട്ടുണ്ട്.

അണോരണീയാൻ മഹതോ മഹീയാൻ

അത്മാഗുഹായാം നിഹിതോസ്യജന്തോഃ

അണുക്കളിൽ ഈശ്വര ചൈതന്യമുണ്ടത്രെ! എന്താണ് ഈ അണുക്കൾ അഥവാ പരമാണുക്കൾ. ഇംഗ്ലീഷിൽ പറയുന്ന ആറ്റം.

അപകർഷ പര്യന്തം ദ്രവ്യം പരമാണുരേവം

ഒരു വസ്തുവിന്റെ ഏറ്റവും ചെറിയഘടകമാണ് പരമാണു. ആധുനിക ശാസ്ത്രവും ഇതേ നിർവ്വചനമാണ് ആറ്റത്തിന് നൽകുന്നത്. ആറ്റങ്ങളെക്കുറിച്ച് ജ്ഞാനികളായ ശാസ്ത്രജ്ഞന്മാർക്കു മാത്രമേ അറിയുവാൻ സാധിക്കൂ എന്ന് ആധുനിക - പുരാതന ശാസ്ത്രമതം

പരമാണുരിതി പ്രോക്താ ജ്ഞാനിനാം ദൃഷ്ടി ഗോചരാ

പുരാതന ഭാരതീയ ഋഷിവര്യന്മാരുടെ അഭിപ്രായം ഭിന്നമല്ല. പരമജ്ഞാനികളായ ശാസ്ത്രജ്ഞന്മാർക്ക് മാത്രമേ അണുജ്ഞാനം ലഭ്യമാകൂ.

അണുവിൽ ഈശ്വരചൈതന്യമുണ്ട്. ഒരു പോസിറ്റീവ് ചാർജുള്ള ന്യൂക്ലിയസ്സിനു ചുറ്റും നെഗറ്റീവ് ചാർജുള്ള അനവധി ഇലക്ട്രോണുകൾ പ്രദക്ഷിണം വയ്ക്കുന്നു. അനുനിമിഷം ആയിരക്കണക്കിന് കിലോമീറ്റർ വേഗതയിലാണീ ഭ്രമണം! മാത്രമല്ല, ആറ്റത്തിന്റെ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ന്യൂക്ലിയസ്സും സ്വയം ഭ്രമണം ചെയ്യുന്നു.! ഇത്രയും പെറിയ ആറ്റങ്ങളിൽ ഇലക്ട്രോണുകളും ന്യൂക്ലിയസ്സുമെല്ലാം ഭ്രമണം ചെയ്യുന്ന അവസ്ഥയ്ക്ക് കാരണ ഭൂതനായതാരാണ്? ഈ ഭ്രമണത്തിനുള്ള ഊർജ്ജം എവിടുന്നു ലഭിച്ചു? ഓരോ ആറ്റവും മറ്റ് ആറ്റങ്ങളുമായി ചേരുമ്പോൾ ഉണ്ടാകുന്ന മോളിക്യൂളുകളിലും വ്യക്തമായ ദിശാബോധത്തോടുകൂടി ഇലക്ട്രോണുകൾ ഭ്രമണം ചെയ്യുന്നു. ഇത്രയും വ്യക്തമായ ദിശാബോധം ആരുകൊടുത്തു? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകുവാൻ ഒരു ഊർജ്ജതന്ത്ര ശാസ്ത്രജ്ഞനോട് പറയുക. അദ്ദേഹത്തിന്

Scanned with CamScanner

വ്യക്തമായിട്ടറിയാമെങ്കിൽ "ഇത് ഊർജ്ജതന്ത്രത്തിന്റേയും അണുശാസ്ത്രത്തിന്റേയും (ആറ്റമിക്ക് ഫിസിക്സ്) അടിസ്ഥാന നിയമങ്ങളാണെ"ന്നായിരിക്കും മറുപടി. സ്വാഭാവികമായും ഇവിടെ മറ്റൊരു പ്രശ്നമുദിക്കുന്നു. ഈ അടിസ്ഥാന നിയമങ്ങൾ ഉണ്ടാക്കിയതാര്? ഈ നിയമങ്ങൾ കണ്ടുപിടിച്ചത് ശാസ്ത്രജ്ഞന്മാരാണ്. ഉണ്ടാക്കിയതവരല്ലല്ലോ? അപ്പോൾ ശാസ്ത്രജ്ഞന് നൽകുവാൻ ഒരു മറുപടി കാണും. ഇത് പ്രകൃതിയുടെ നിയമമാണ്! അതിന്റെ പ്രതിഭാസമാണ് എന്ന്! പ്രപഞ്ചത്തിലെ ഏതോ ഒരു ശക്തി നിർദ്ദേശിച്ച നിയമം! ജീവിത ചൈതന്യം പോലെ തുടിക്കുന്ന പ്രകൃതിയുടെ നിയമം! ഈ അടിസ്ഥാനനിയമം നിർമ്മിച്ച് അനുശാസിപ്പിക്കുന്ന ഒരു ചൈതന്യം ഓരോ ആറ്റത്തിലും വസിക്കുന്നു എന്ന് ആധുനിക ഭൗതീകശാസ്ത്രജ്ഞന്മാർ പറയുന്നു. **അതേ ചൈതന്യമാണ് ഹിന്ദുവിന്റെ ബ്രഹ്മചൈതന്യം.**

മഹതോമഹീയാൻ: എന്ന വരിയിലൂടെ മഹത്തായതിൽ വെച്ച് ഏറ്റവും മഹത്തായതിലും, ഇതേ ചൈതന്യമുണ്ടെന്ന് ഉപനിഷദ് പറയുന്നു. അതി ഭീമാകാരമായ ഗ്രഹങ്ങൾ ഭൂമിയും, വ്യാഴവും, ശനിയുമെല്ലാം സ്വയം കറങ്ങുന്നു. സൂര്യനെ പ്രദക്ഷിണം വെയ്ക്കുകയും ചെയ്യുന്നു. നിശ്ചിത വേഗതയിൽ, നിശ്ചിത പന്ഥാവിലൂടെയാണീ ഭ്രമണം. സൂര്യനുൾപ്പെടുന്ന ഈ സൗരയൂഥവും മറ്റനേകം സൗരയൂഥങ്ങളും അടങ്ങുന്ന നമ്മുടെ ക്ഷീരപഥ ഗാലക്സിയും, അനേകം ഗാലക്സികളടങ്ങുന്ന ഈ ബ്രഹ്മാണ്ഡവും നിരന്തരം ഭ്രമണം ചെയ്യുന്നു! മഹത്തായതിൽ വച്ച് ഏറ്റവും മഹത്തായ സമസ്ത ബ്രഹ്മാണ്ഡം ഭ്രമണം ചെയ്യുന്നു! അണുശാസ്ത്രജ്ഞനോട് ചോദിച്ച അതേ ചോദ്യങ്ങൾ ജ്യോതി ശ്ശാസ്ത്രജ്ഞനോടും ചോദിക്കുക!

ഗ്രഹങ്ങളെ കറക്കുന്നതാര്? അവയുടെ സഞ്ചാരപഥം നിശ്ചയിച്ചതാര്? ബ്രഹ്മാണ്ഡത്തിന്റെ അതിർത്തിയേത്? ഇവ ഭ്രമണം ചെയ്യുന്നതെന്തിന്? ഇവയെല്ലാം ഇത്രയും ഉജ്ജ്വലമായ - (അല്ല ഭയാനകമായ) വേഗത്തിൽ എവിടേയ്ക്കു പോകുന്നു.? ജ്യോതിശ്ശാസ്ത്രജ്ഞന് ഒരു ഉത്തരമേ പറയാനുണ്ടാകൂ! അത് പ്രകൃതി നിയമമാണ് എന്ന് ശാസ്ത്രജ്ഞന്മാർ ഇത് കണ്ടു പഠിക്കുകയും കണ്ടു പിടിക്കുകയും ചെയ്തു എന്നുമാത്രം! (dis-cover ചെയ്തു എന്ന ഇംഗ്ലീഷ് പദം) ഈ ഭ്രമണപഥത്തിലെ ഒരംശം മാറ്റുവാൻ - കൂട്ടുവാനോ കുറയ്ക്കുവാനോ അതിപ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് ഒറ്റയ്ക്കോ കൂട്ടായോ സാദ്ധ്യമല്ല! ഇപ്രകാരം കറങ്ങിക്കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ ഓരോ ജ്യോതിരുപത്തിലുമടങ്ങിയിരിക്കുന്ന ചൈതന്യം തന്നെയാണ് ഹിന്ദുവിന്റെ ബ്രഹ്മചൈതന്യം!

Scanned with CamScanner

ആത്മാ ഗുഹായാം നിഹിതോസ്യ ജന്തോഃ സർവ്വ ജീവജാലങ്ങളിലേയും **ജീവചൈതന്യം** തന്നെയാണ് ഈശ്വരീയമായ ബ്രഹ്മചൈതന്യം എന്നും പറയുന്നത്.**ബ്രഹ്മസത്യം ജഗത്മിഥ്യാ** എന്നു പറഞ്ഞ ശങ്കാരചാര്യർ അതിനോടുകൂടി പറഞ്ഞ ഒരു ഭാഗം കൂടി ഉണ്ട്. **ജീവോബ്രഹ്മൈവ നാ പരാ ജീവനും** ബ്രഹ്മചൈതന്യം തന്നെയാണ് മറ്റൊന്നുമല്ല, എന്ന്.

പൂർണദിശാബോധത്തോടുകൂടി ഇലക്ട്രോണുകൾക്കും ന്യൂക്ലിയസിനും ഭ്രമണം ചെയ്യുവാൻ പന്ഥാവുസൃഷ്ടിച്ച് പ്രവർത്തപ്പിക്കുന്ന അതേ ചൈതന്യം, അനവധി ബ്രഹ്മാണ്ഡങ്ങളെ നിശ്ചിത പന്ഥാവിലൂടെ ദ്രുതഗതിയിൽ സഞ്ചരിപ്പിക്കുന്ന അതേ അദൃശ്യമായ മഹത്ചൈതന്യം, അദൃശ്യമായി തന്നെ 16 ലക്ഷം തരത്തിലുള്ള ജന്തുജാലങ്ങളിലും 4 ലക്ഷം തരത്തിലുള്ള സസ്യലതാദികളിലും, എത്ര ലക്ഷം തരങ്ങളുണ്ടെന്ന് ആധുനികശാസ്ത്രത്തിന് ഒരെത്തും പിടിയുമില്ലാത്ത സൂക്ഷ്മജീവികളിലും വർത്തിക്കുന്നു. സ്വയം പ്രവർത്തിപ്പിക്കുന്ന ഒരു ചൈതന്യമാണിത്. അതിപ്രഗത്ഭനായ ഒരു ഡോക്ടറോട് ചോദിക്കുക. മനുഷ്യഹൃദയമിടിപ്പ് മിനിറ്റിൽ കൃത്യം 72 പ്രാവശ്യം സംഭവിക്കുന്നതെന്തുകൊണ്ടാണ്? 16 പ്രാവശ്യം മിനിറ്റിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതിത്രയും കൃത്യമായതെങ്ങിനെ? ആറു ലിറ്ററർ രക്തം ശരീരത്തിന്റെ ഓരോ കോശത്തിലും എത്തുന്നതിന്റെ സംവിധാനമെന്ത്? വ്യത്യസ്ത ഭക്ഷണം ദഹിക്കുവാൻ ആവശ്യമായ വ്യത്യസ്ത എൻസൈമുകൾ നമ്മുടെ ആമാശയത്തിലേക്കും കുടലിലേക്കും പ്രവേശിക്കണമെന്ന് തീരുമാനിച്ചതാര്? നാം കഴിക്കുന്ന ഭക്ഷണത്തിനനുസരിച്ച് ഇവയെല്ലാം കൃത്യമായി ഉൽപാദിപ്പിക്കുവാൻ ശരീരത്തോട് നിർദ്ദേശിച്ചതാര്? ഇലക്കറികളിൽ നിന്നുമെല്ലാം കാത്സ്യം, ഇരുമ്പ്, മെഗ്നീഷ്യം, ഫോസ്ഫറസ്, വിറ്റാമിനുകൾ തുടങ്ങി ശരീരത്തിന് ആവശ്യമായ സൂക്ഷ്മ പോഷകമൂല്യങ്ങൾ തിരഞ്ഞുപിടിച്ച് ആഗിരണം ചെയ്യുവാൻ കുടലിന് എങ്ങനെ സാധിക്കുന്നു? ചുടുള്ള അന്തരീക്ഷത്തിൽ വിയർക്കാനും തണുക്കുമ്പോൾ വിറയ്ക്കുവാനും ശരീരത്തെ പഠിപ്പിച്ചതാര്?....

സ്വന്തം എന്നു പറയുവാൻ എനിക്ക് ഈ ശരീരം മാത്രമേ ഉള്ളൂ എന്നു പറയുന്ന യുക്തിവാദിക്കുപോലും മേൽപറഞ്ഞ സ്വശരീര ക്രിയകൾ ഞാൻ സ്വയം ചെയ്യുകയാണെന്നോ ചെയ്യിക്കുകയാണെന്നോ അവകാശപ്പെടുവാൻ സാദ്ധ്യമല്ല. ശുദ്ധ ശാസ്ത്രവാദിയായ ഏതൊരു ഡോക്ടർക്കും അതെല്ലാം പ്രകൃതി നിയമങ്ങളാണെന്ന് പറയുവാനേ സാധിക്കൂ. ഓരോ ചെടിയിലും ഓരോ ജന്തുവിലും വസിക്കുന്ന, വിലസുന്ന ചൈതന്യത്തിന്റെ അംശമുണ്ട്. ഇതത്രെ നമ്മുടെ ബ്രഹ്മചൈതന്യം. ഫിസിക്സിൽ പറയുന്ന

Scanned with CamScanner

energy, entropy, enthalpy എന്നിവയും ബയോകെമിസ്ട്രിക്കാർ പറയുന്ന Biological energy യും! ഇതൊക്കെയും മറ്റു ചില ഗുണവിശേഷങ്ങളും കൂടിയതായിരിക്കാം ബ്രഹ്മചൈതന്യം എന്നു വ്യക്തമാക്കുന്ന വരികൾ ഉപനിഷത്തുക്കളിലങ്ങോളമിങ്ങോളം കാണാം. ഈ ഊർജ്ജ ചൈതന്യ മായ ബ്രഹ്മത്തെ ഇപ്രകാരം വിവരിക്കുന്നു.

യത് ചക്ഷുഷാ ന പശ്യതി യേന ചക്ഷുംഷി പശ്യതി....

കണ്ണുകൊണ്ടു കാണുവാൻ സാദ്ധ്യമല്ല കണ്ണുകളെ കാണിപ്പിക്കുന്നത്.....

യത് ശ്രോത്രേണ ന ശ്രുണോതി യേന ശ്രോത്രമിദം ശ്രുതം....

ചെവികളാൽ കേൾക്കുവാൻ സാദ്ധ്യമല്ല എന്നാൽ ചെവികളെ കേൾപ്പിക്കുന്നത്.....

യത് മനസാ ന മനുതേ യേനാഹുർമനോമതം .....

മനസ്സുകൊണ്ട് മനനം ചെയ്യുവാൻ സാദ്ധ്യമല്ല മനസ്സിനെ മനനം ചെയ്യിപ്പിക്കുന്നത്.....

തദേവ ബ്രഹ്മത്വം വിദ്ധി ന ഇദം തദിദമുപാസതേ.....

ഈ ചൈതന്യമെല്ലാംതന്നെ ബ്രഹ്മചൈതന്യമെന്നു മനസ്സിലാക്കി എന്നാൽ അത്രമാത്രമല്ല ബ്രഹ്മചൈതന്യം എന്നും മനസ്സിലാക്കി ഉപാസിച്ചാലും.

Entropy of a System എന്ന ഊർജ്ജതന്ത്രശാസ്ത്രജ്ഞന്മാർ വിവരിക്കുന്ന പ്രപഞ്ചം എന്ന സിസ്റ്റത്തിൽ ബ്രഹ്മം എന്ന ചൈതന്യം നിറഞ്ഞിരിക്കുന്നു.

തദേജതി തന്നൈജതി തദ്ദൂരേ തദന്തികേ

തദന്തരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യതഃ

ബ്രഹ്മചൈതന്യം ജനിക്കുന്നുമില്ല, അതില്ലാതാകുന്നുമില്ല, അത് അടുത്തുമുണ്ട് അങ്ങകലേയുമുണ്ട്. എല്ലാത്തിന്റേയും അകത്തുമുണ്ട് അതു തന്നെ എല്ലാത്തിന്റേയും പുറത്തുമുണ്ട്.

ആധുനിക ശാസ്ത്രം Energyക്കു കൊടുത്ത അതേ നിർവചന മാണിതും. Energy can neither be created nor be destroyed എന്നും ഇതിൽ വ്യക്തമാണ്.

Scanned with CamScanner

പ്രപഞ്ചചൈതന്യത്തിന്റെ അംശം സർവ്വ ജീവജാലങ്ങളിലുമുണ്ട്. ഒരേ മഹത് ചൈതന്യത്തിന്റെ ഭാഗങ്ങളാണിവ. വൈദ്യുത ബൾബുകളിൽ പ്രകാശമായും, ഹീറ്ററുകളിൽ താപമായും, ആംപ്ലിഫയറുകളിൽ ശബ്ദമായും, കാന്തമായും, വൈദ്യുതി മാറുന്നതുപോലെ സർവ്വബാഹ്യ പ്രകടനങ്ങൾക്കും പിന്നിലെ ചൈതന്യവും ഒന്നു തന്നെ.

ഏക ഏവ ഹി ഭൂതാത്മാ ഭൂതേ ഭൂതേ വ്യവസ്ഥിതഃ

ഏകധാ ബഹു ധാചൈവ ദൃശ്യതേ ജലചന്ദ്രവത്

പലപ്രകാരത്തിൽ ദൃശ്യമാകുന്ന ഒരേ ചൈതന്യം സമസ്ത വസ്തുക്കളിലും വർത്തിക്കുന്നു. ഒരേചന്ദ്രൻ വിവിധ ജല സംഭരണികളിൽ അനേകമെന്നപോലെ പ്രതിഫലിച്ചു കാണുന്നു ഈ ഏക ചൈതന്യവും പലവിധത്തിൽ കാണുന്നു എന്നു മാത്രം.

ഏകം സദ് വിപ്രാഃ ബഹുധാ വദന്തി

ഒന്നായ അതിനെ അറിവുള്ളവർ പല പ്രകാരത്തിലും വിവരിക്കുന്നു.

അതേ ബ്രഹ്മചൈതന്യാംശം എന്നിലും നിന്നിലും ആത്മാവിന്റെ രൂപത്തിലിരിക്കുന്നതുകൊണ്ടത്രെ മഹോപനിഷദ് **അഹം ബ്രഹ്മാസ്മി** എന്നും **തത് ത്വമസി** എന്നും **അയമാത്മാബ്രഹ്മ** എന്നും പറയുന്നത്.

ഊർജ്ജത്തിന്റെ സ്രോതസിനായി ഭൗതീകശാസ്ത്രം കാണുന്ന എല്ലാം തന്നെ ബ്രഹ്മതേജസ്സിന്റെ സ്രോതസ്സായി ഉപനിഷദ് വചനം വിവരിക്കുന്നു എന്നും കാണാം.

നമസ്തേ വായോ ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി

ത്വമേവ പ്രത്യക്ഷം ബ്രഹ്മ വദിഷ്യാമി....

സർവ്വ ജീവജാലങ്ങളിലും ജീവനെന്ന ഊർജ്ജം നിലനിൽക്കുന്നതിന് കാരണഭൂതമായതുകൊണ്ടും ഏതുവിധത്തിലുള്ള അഗ്നി എന്ന ഊർജ്ജത്തിനും ഒഴിച്ചുകൂടാൻ വയ്യാത്തതുകൊണ്ടും വായു പ്രത്യക്ഷത്തിൽ ദർശിക്കാവുന്ന ചൈതന്യമായി ഉപനിഷദ് കാണുന്നു.

നമസ്തേ അഗ്നേ ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി

ത്വമേവ പ്രത്യക്ഷം ബ്രഹ്മ വദിഷ്യാമി.....

അഗ്നിക്കും അതേ സ്ഥാനം വരുവാൻ കാരണം പ്രത്യക്ഷമായി കാണുന്ന ഊർജ്ജസ്രോതസ്സായതുകൊണ്ടുതന്നെയായിരിക്കുമല്ലോ. ഈ ഊർജ്ജചൈതന്യം നശിപ്പിക്കുവാൻ അസാദ്ധ്യമാണ്. അതുകൊണ്ടുതന്നെ

Scanned with CamScanner

ആത്മചൈതന്യവും നശിപ്പിക്കുവാൻ സാദ്ധ്യമല്ല എന്ന് ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ പറഞ്ഞതും.

നൈനം ഛിന്ദന്തി ശസ്ത്രാണി, നൈനം ദഹതി പാവകഃ

നചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ

ശസ്ത്രങ്ങളാൽ മുറിക്കുവാനോ, അഗ്നിയിൽ കത്തിക്കുവാനോ ജലത്തിൽ അലിയിച്ചില്ലാതാക്കുവാനോ വായുവിനാൽ ശോഷിപ്പിക്കുവാനോ സാധിക്കാത്ത പരമമായ, പവിത്രമായ സർവചരാചരങ്ങളുടേയും സൃഷ്ടിയുടേയും സ്ഥിതിയുടേയും ആധാരമായ ചൈതന്യം അതാണ് ബ്രഹ്മചൈതന്യം എന്ന ഈശ്വര സങ്കൽപത്തിന്റെ ആദി ബിന്ദു.

ഒരു പക്ഷേ ആധുനീക ശാസ്ത്രജ്ഞാനത്തിന്റെ ഇതഃപര്യന്തമുള്ള ഗവേഷണങ്ങൾ സമഗ്രമായി പ്രതിപാദിച്ചാൽ നാമെത്തുന്ന അവസാനബിന്ദുവാണ് ബ്രഹ്മം!

ബ്രഹ്മചൈതന്യത്തെക്കുറിച്ച് വിവരിക്കുമ്പോൾ സാധാരണയായി ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന രണ്ടു വിവരണങ്ങൾ ഉണ്ട്. അവ രണ്ടും ശാസ്ത്രീയമായി വിവരിക്കുക എന്നത്, ആത്മീയമായി വിവരിക്കുന്നതിനേക്കാൾ എളുപ്പമാണ്. **ബ്രഹ്മസത്യം ജഗന്മിഥ്യാ** എന്ന പ്രയോഗം ഈ ജഗത്തിൽ കാണുന്നത് - സംസ്കൃതത്തിൽ തന്നെ പറഞ്ഞാൽ **പ്രത്യക്ഷജ്ഞാനം** - അത്രയും മിഥ്യയാണെന്ന് ആണയിട്ടു പറഞ്ഞാലും മനസ്സിലാക്കുക എളുപ്പമല്ല. Seeing is believing എന്നാണല്ലോ ഒരു ചൊല്ല്. പക്ഷേ അവയെ തിരസ്കരിച്ച്, ബ്രഹ്മമേ സത്യമായിട്ടുള്ളൂ, എന്നും ജഗത്തിലെ സർവതും മിഥ്യയാണെന്നുമാണ് ശങ്കരാചാര്യരുടെ വിവരണം. ബ്രഹ്മജ്ഞാന ലബ്ധിയുണ്ടായ ഋഷിവര്യനോ, ആധുനിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ വ്യക്തിക്കോ ശാസ്ത്രീയ വിശകലനത്തിലൂടെ നോക്കിയാൽ ഈ പ്രയോഗത്തിൽ വലിയ അപാകത തോന്നുകയില്ല. മനുഷ്യനിർമ്മിതവും പ്രകൃത്യാലുള്ളതുമായ ഏതാണ്ട് നൂറിൽപരം മൂലകങ്ങളുണ്ടെന്ന് രസതന്ത്രം. ഓരോ മൂലകത്തിലും പ്രധാനമായുള്ളത് കേന്ദ്രത്തിൽ ന്യൂക്ലിയസും അതിനു ചുറ്റും കറങ്ങുന്ന ഇലക്ട്രോണുകളുമാണല്ലോ. ന്യൂക്ലിയസിലാകട്ടെ പ്രോട്ടോണുകളും ന്യൂട്രോണുകളും. പ്രോട്ടോണുകളുടേയും ന്യൂട്രോണുകളുടേയും ചാർജുകൾ പരസ്പരം മാറിക്കൊണ്ടേയിരിക്കുന്നു. യൂറേനിയം, പ്ലൂട്ടോണിയം തുടങ്ങിയ മൂലകങ്ങളെ പോലെ ചില മൂലകങ്ങൾ വിഘടിക്കുമ്പോഴും, ഹൈഡ്രജൻ പോലുള്ളവയുടെ ആറ്റങ്ങൾ സംയോജിക്കുമ്പോഴും, ഭയാനകമായ അളവിൽ ഊർജ്ജം ഉൽപാദിപ്പിക്കപ്പെടുന്നു. ഈ പ്രക്രിയയിലൂടെ ഒരേമൂലകം മറ്റു മൂലകമായി

Scanned with CamScanner

മാറുന്നതും നാം കാണുന്നുണ്ട്. മൂലകവിഘടനത്തിലും സംയോജനത്തിലും ഉൽപാദിപ്പിക്കപ്പെടുന്ന ഊർജ്ജം, ആറ്റങ്ങളിലെ പിണ്ഡം ഐൻസ്റ്റീൻസ് ഇക്വേഷൻ പ്രകാരം ($E=mc^2$) ഊർജ്ജമായി മാറുകയാണ്. അതായത് പിണ്ഡത്തിലും താഴ്ന്ന വസ്തുക്കളുടെ ഒരു അവസ്ഥയാണ് ഊർജ്ജാവസ്ഥ എന്നത്.

നൂറിൽപരം മൂലകങ്ങളുടെ ആറ്റങ്ങളിലും അടങ്ങിയിരിക്കുന്നത് പ്രോട്ടോണുകളും (ചാർജ്ജുള്ള ന്യൂട്രോണുകൾ) ഇലക്ട്രോണുകളുമാണ്. അടിസ്ഥാന ഘടകങ്ങളിലെ വൃത്യാസം എന്നത് ഇവയിലെ എണ്ണങ്ങളുടെ വൃത്യാസം മാത്രം. ഈ എണ്ണങ്ങളുടെ വൃത്യാസം ഭൗതികവൃത്യാസത്തിനു കാരണമാകുമെങ്കിലും, അടിസ്ഥാനം മാറുന്നില്ലതന്നെ. ഈ അടിസ്ഥാനം തന്നെയാണ് ഊർജ്ജമാക്കി മാറ്റുവാൻ സാധിക്കുന്നതും. അതായത് എല്ലാ മൂലകങ്ങളിലേയും ആറ്റങ്ങളെ (ചിന്താമണ്ഡലത്തിലെങ്കിലും) ഊർജ്ജമെന്ന ഏറ്റവും അടിസ്ഥാനമായ ഘടകമാക്കി മാറ്റിയാൽ ബ്രഹ്മസത്യം (സത്യം = സത് ആയത്, ബ്രഹ്മസത്യം = ഊർജ്ജംതന്നെയാണ് സത് ആയത്) എന്ന തത്വം ശരിയാണെന്ന് ശാസ്ത്രവും ആണയിട്ട് പറയുന്നതായികാണാം.

ജഗത് മിഥ്യയാകുന്നതെങ്ങിനെ? നാം കഴിക്കുന്ന അരിയുടെ അന്നജ തന്മാത്രകൾ കാർബൺ, ഹൈഡ്രജൻ ഓക്സിജൻ എന്നിവയാൽ നിർമ്മിതമാണ്. ഇവയെല്ലാം ഇലക്ട്രോൺ, പ്രോട്ടോൺ എന്നീ അടിസ്ഥാന ഘടകങ്ങളാൽ മാത്രം നിർമ്മിതമാണ്. ഇമ്പൂബിന്റെ ആറ്റത്തിലും, ജലത്തിലും, വെളിച്ചെണ്ണയിലും, കോഴിമുട്ടയിലും പച്ചിലയിലും അലുമിനിയത്തിലും, . മണ്ണിലെ സിലിക്കയിലുമുള്ള തന്മാത്രകളിലെ ആറ്റങ്ങളും എല്ലാം തന്നെ ഒരേ സ്വാഭാവമുള്ള പ്രോട്ടോണുകളും (ന്യൂട്രോണുകളും) ഇലക്ട്രോണുകളും കൊണ്ടു നിർമ്മിതമാണെങ്കിൽ ഈ വസ്തുക്കളെല്ലാം അടിസ്ഥാനമായി ഒന്നും (ഏകത്വഭാവമുള്ളതും) ബാഹ്യമായി പലതുമല്ലേ? ഇവയെല്ലാം അടിസ്ഥാനമായി ഊർജ്ജം ആക്കി മാറ്റാവുന്നതുമാണ്. അതായത് ജഗത് വസ്തുക്കളെല്ലാം മിഥ്യയുമാകുന്നു. മിഥ്യാരൂപമുള്ളതുമാത്രമാണ്! ആറ്റങ്ങളുടേയും ഊർജ്ജത്തിന്റെയു ബാഹ്യഭാവങ്ങൾ മാത്രം! ഒരു പച്ചില, ഉണക്കയിലയായിമാറി, കത്തിക്കുമ്പോൾ കാർബൺ എന്ന മൂലകമായിത്തീരുന്ന യഥാർത്ഥ്യം പോലെയാണീ ഇലയുടെ മിഥ്യാഭാവവും; ഇലക്ട്രോണുകളും പ്രോട്ടോണുകളുമടങ്ങുന്ന കാർബണിന്റെ സത്യഭാവവും. അതുകൊണ്ടത്രെ ബ്രഹ്മസത്യം എന്നും ജഗത് മിഥ്യയെന്നും ശങ്കരാചാര്യർ പറഞ്ഞത്. ചലനാത്മകമായ ജീവജാലങ്ങളിൽ ബ്രഹ്മചൈതന്യമെന്ന ജീവചൈതന്യമുള്ളതുകൊണ്ട് ! .. **ജീവോ, ബ്രഹ്മൈവ നാ പരഃ**

Scanned with CamScanner

എന്നുകൂടി ചേർത്തപ്പോൾ, ശങ്കരാചാര്യരുടെ ഈ പ്രയോഗം അത്യാധുനിക ശാസ്ത്ര വീക്ഷണം തന്നെയായിത്തീരുന്നു.

സഗുണബ്രഹ്മം നിർഗുണ ബ്രഹ്മം എന്നീ രണ്ടു പ്രയോഗങ്ങളാണ് മറ്റു ചിലർക്ക് അപ്രാപ്യമായ ബ്രഹ്മ വിവരണം. ഈ പദങ്ങൾ ഇംഗ്ലീഷിൽ പറഞ്ഞാൽ അതിവിചിത്രവുമായിത്തീരുന്നു! Useful Brahman and Useless Brahman! സഗുണവും നിർഗുണവും പരസ്പരം വിപരീത പദങ്ങളാണെങ്കിലും സഗുണബ്രഹ്മവും നിർഗുണബ്രഹ്മവും വിപരീതപദങ്ങളല്ല ഈ അവസ്ഥാവിശേഷം അർത്ഥസാരങ്ങളുടെ പിശകല്ല. പദപ്രയോഗത്തിലെ ഒഴുച്ചുകൂടാൻപറ്റാത്ത അപാകതമാത്രമാണ്. ഒരുദാഹരണത്തിലൂടെ പദപ്രയോഗത്തിലെ കുറവു മനസ്സിലാകും. അപ്പർ എന്ന ഇംഗ്ലീഷ് പദത്തിന് വിപരീതമാണ് ലോവർ . എന്നാൽ അപ്പർ പ്രൈമറിയുടെ വിപരീതമല്ലല്ലോ ലോവർ പ്രൈമറി. ഒരു വിഭാഗത്തിൽ പഠിപ്പിക്കുന്നതിന്റെ വിപരീതമല്ല മറുവിഭാഗത്തിൽ പഠിപ്പിക്കുന്നത്. ലോവർ പ്രൈമറിയും അപ്പർപ്രൈമറിയും പരസ്പരം പൂരകങ്ങളാണ്, അനുബന്ധങ്ങളുമാണ്. അതുപോലെയുള്ള പദബന്ധങ്ങളാണ് സഗുണ ബ്രഹ്മത്തിനും നിർഗുണബ്രഹ്മ പദത്തിനുമുള്ളത്.

എന്നാൽ വസ്തുതകളെന്ത് എന്നു നോക്കാം. സദാ ചലനാത്മകമായ ഭാവമാണ് സഗുണത്വം. നിശ്ചലഭാവമാണ് നിർഗുണത്വം. ഇവ രണ്ടും ഒന്നിൽ തന്നെ വർത്തിക്കുന്നുണ്ടെന്ന് കാണാം. പരസ്പരം പൂരകങ്ങളായി തന്നെ വർത്തിക്കുന്നു എന്ന് മനസ്സിലാക്കുകയും എളുപ്പമാണ്. ഓരോ ആറ്റത്തിലേയും ഇലക്ട്രോണുകൾ 2188 കിലോമീറ്റർ വേഗതയിൽ പ്രതിനിമിഷം തിരിയുമ്പോഴും (സഗുണത്വം) ആറ്റങ്ങളടങ്ങുന്ന വസ്തുക്കൾ നിശ്ചലമായി (നിർഗുണത്വം) കാണപ്പെടുന്നു. 1650 കിലോമീറ്റർ വേഗതയിൽ ഭൂമി ഭ്രമണം (സഗുണഭാവം) ചെയ്യുമ്പോഴും ഭൂമി നിശ്ചലമായി (നിർഗുണ) നിൽക്കുന്നതുപോലെ തോന്നുന്നു. സർവ ഗ്രഹങ്ങളും, ക്ഷീരപഥവും ഭ്രമണം ചെയ്യുമ്പോഴും അവയെല്ലാം നിശ്ചലമായി നിൽക്കുന്നതുപോലെ അനുഭവപ്പെടുന്നു. ഊർജ്ജത്തിന്റെ സ്വതഃസിദ്ധമായ ഒരു സ്വഭാവമാണിത്. നാം ആരാധിക്കുന്ന ഊർജ്ജത്തിന്റെ ഭാവങ്ങളിൽ ഇവ രണ്ടും ഒന്നിച്ചു ദർശിക്കുവാൻ സാധിക്കും. കടലിന്റെ മേൽതട്ടിൽ തിരമാലകളാൽ ചലനാത്മകമെങ്കിലും കീഴ്ത്തട്ട് ശാന്തമാണ്, വായു കൊടുങ്കാറ്റായി മാറുമ്പോഴും ശ്വസിക്കാനുള്ള വായു ശാന്തമായി ലഭിക്കുന്നു. വിളക്കുതിരിയിലെ ശാന്തദീപനാളവും

Scanned with CamScanner

കാട്ടുതീയും താരതമ്യപ്പെടുത്തുക: ഒരു മില്യൺ ഡിഗ്രിതാപത്തിൽ ജ്വലിക്കുന്ന സൂര്യൻ നിശ്ചലമായി നിൽക്കുന്നതുകാണാം. ശരീരത്തിലെ ഓരോ കോശവും നിരന്തരം പ്രവർത്തിക്കുമ്പോഴും വ്യക്തി ഉറങ്ങാറുണ്ടല്ലോ?

സഗുണ ബ്രഹ്മത്വവും നിർഗുണ ബ്രഹ്മത്വവും, ബ്രഹ്മ ചൈതന്യത്തിൽ സ്പഷ്ടമായ രണ്ടു ശാസ്ത്രീയ ഭാവങ്ങളാണെന്നാണ് ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത്. പ്രപഞ്ചത്തിൽ നടക്കുന്നതു സർവതും ഈ ഊർജ്ജവിന്യാസമാണെന്ന് ഭഗവത്ഗീതയിലെ ഒരു ഉജ്ജ്വല ശ്ലോകം വർണിക്കുന്നു.

ബ്രഹ്മാർപ്പണം ബ്രഹ്മഹവിർ ബ്രഹ്മാഗ്നൗബ്രഹ്മണാ ഹുതം

ബ്രഹ്മൈവ തേന ഗന്തവ്യം ബ്രഹ്മകർമ്മസമാധിനാ

പ്രപഞ്ചത്തിലെ സർവ്വവിധ ഊർജ്ജവും-ഭൗതികശാസ്ത്ര പ്രകാരമെടുത്താൽ - കൈനറ്റിക്, പൊട്ടൻഷ്യൽ, ഇലക്ട്രിക്, സൗണ്ട്, ലൈറ്റ്, ഇലക്ട്രോമാഗ്നറ്റിക്, ഗ്രാവിറ്റേഷനൽ, ഇവയെല്ലാം ഒറ്റ ഊർജ്ജത്തിലവസാനിപ്പിക്കാവുന്ന വിവിധ ഊർജ്ജ ഭാവങ്ങളത്രെ. അതായത് ഇവയെല്ലാം പരമമായ ഊർജ്ജത്തിലലിഞ്ഞുചേരുന്നു. അതുപോലെ എല്ലാം ബ്രഹ്മത്തിൽ തന്നെ അലിഞ്ഞുചേരും.

ഭാരതീയ ചിന്താധാരകൾ എക്കാലവും വർണ്ണിക്കുന്ന ഒരു ഏകത്വമുണ്ട്! ആത്യന്തികമായ രണ്ടല്ലാത്ത യഥാർത്ഥ ഒന്ന്. പ്രപഞ്ചത്തിലെ സമസ്തവസ്തുവിലും തിളങ്ങി നിൽക്കുന്നു അതിന്റെ ചൈതന്യം. അതിനെ ബ്രഹ്മമെന്ന് ഹിന്ദുക്കൾ പറയുന്നു. ധർമ്മകായ എന്ന് ബുദ്ധമതം. പ്രപഞ്ചത്തിന്റെ ഈ ഏകത്വം തത്വശാസ്ത്രത്തിന്റെ അനുഭവസത്തു മാത്രമല്ല ഇത് അത്യന്താധുനിക ഭൗതികശാസ്ത്രത്തിന്റെ അതി പ്രധാനമായ ഒരു ഗവേഷണഫലം കൂടിയാണ്. ഇത് അണുവിന്റെ നിലവാരത്തിൽ തന്നെ ഭൗതികശാസ്ത്രജ്ഞന് ദൃശ്യമാണ്..... The unity of all things and events will be a rewriting theme throughout our comparison of modern physics and Indian philosophy

(പ്രൊഫ. ഫ്രിറ്റ്ജോഫ് കാപ്ര)

Scanned with CamScanner

ബ്രഹ്മ – പ്രപഞ്ച പുരുഷ രൂപം

പരമാണുമുതൽ അതി മഹത്തിൽവരെയുള്ള ബ്രഹ്മചൈതന്യത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സാമാന്യ ജ്ഞാനം ലഭിക്കുകയും, അതേ ചൈതന്യത്തിന്റെ മൂർത്തിമദ് ഭാവമായി (personified form) പ്രപഞ്ചപുരുഷനെ കാണുവാനുള്ള ശാസ്ത്രീയ ദൃഷ്ടിയും ലഭിച്ചു കഴിഞ്ഞാൽ ഇവയുടെ അംശത്തിന്റെ അസ്തിത്വമുള്ള എല്ലാത്തിനേയും ആരാധിക്കുന്നതിന്റെ പിന്നിലുള്ള ആത്മീയതയും ശാസ്ത്രീയതയും മനസ്സിലാകും. ഈശ്വര ചൈതന്യമുള്ളതുകൊണ്ടാണ് ഒരു 'കെട്ടിടം' അഥവാ 'ആലയം' 'ദേവാലയ' മാകുന്നത്. ദേവന്റെ സ്ഥാനമുള്ള സ്ഥലം, ദേവസ്ഥാനം. ഈശ്വരവിഗ്രഹം പോലെ തന്നെ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രവും പാവനമാണ്. അതുകൊണ്ട് വളരെ വളരെ വ്യക്തമായി ശ്രീകൃഷ്ണൻ സർവ്വ ജീവജാലങ്ങളുടേയും ശരീരത്തെക്കുറിച്ച് നൽകിയ ഭഗവദ് ഗീതാ വരി അത്യുജ്ജ്വലമാണ്. **ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ** – പ്രപഞ്ചചൈതന്യം അഥവാ പരമമായ ആത്മചൈതന്യത്തിന്റെ അംശമായ ജീവ ചൈതന്യം വർത്തിക്കുന്ന സ്ഥലം ആണല്ലോ ശരീരം. അതുകൊണ്ട് വിഗ്രഹമുള്ള ക്ഷേത്രം പോലെ ആത്മചൈതന്യമുള്ള ക്ഷേത്രമാണ് ശരീരം.

1. അതിനാൽ ഭാരതീയർ സർവ്വജീവജാലങ്ങളേയും പ്രണമിക്കുന്നു. നമസ്തേ എന്ന് അഭിസംബോധന ചെയ്യുന്നു.

2. ഇക്കാരണംകൊണ്ടുതന്നെ സർവ്വവൃക്ഷങ്ങളും നമുക്ക് ഈശ്വര സാന്നിദ്ധ്യമുള്ള ക്ഷേത്രം തന്നെയാകുന്നു.

3. എല്ലാ ഈശ്വരാവതാരങ്ങളോടും, സസ്യലതാദികളും, പുഷ്പങ്ങളും, ദേവന്മാരുടെ വാഹനങ്ങളെപോലെ മൃഗങ്ങളും ചേർന്നു നിൽക്കുന്നു.

4. അണുവിലും, മഹത്തിലും ഈശ്വരചൈതന്യമുള്ളതുകൊണ്ട് സൂര്യ-ചന്ദ്രാരാധനയും, നവഗ്രഹങ്ങളുടേയും, സർവജ്യോതി രൂപങ്ങളുടേയും ആരാധനയും ഭാരതസംസ്കൃതിയുടെ ഭാഗമായിത്തീരുന്നു. അവയിലെ തേജസ്സും, തേജസ് കൂടികൊള്ളുന്ന ക്ഷേത്രവും നമുക്കാരാധ്യമായിത്തീരുന്നു.

Scanned with CamScanner

5. പ്രപഞ്ചപുരുഷന്റെതന്നെ ഭാഗമായതുകൊണ്ട് ഭൂമിയെ നാം ആരാധിക്കുന്നു, ഭൂമിയുടെ ഭാഗമായ പർവ്വതങ്ങളേയും, നദികളേയും വനങ്ങളേയും ആരാധിക്കുന്നതിന്റെ ശാസ്ത്രവും അതുതന്നെയാണല്ലോ.

6. വായുവിനേയും അഗ്നിപർവ്വതങ്ങളേയും ആരാധിക്കുന്നത് അവയിലെ ഊർജ്ജതേജസ്സിന്റെ ഭാഗമായിട്ടാണ്.

7. ജലത്തേയും ഇടിമിന്നലിനേയും ആരാധിക്കുന്നത് രണ്ടും രണ്ടു വിധത്തിൽ ജീവചൈതന്യത്തിനാധാരമായതുകൊണ്ടാണ്. ആദ്യജീവൽ സൃഷ്ടി നടന്ന പ്രോട്ടീൻ അംശമായ വൈറസ് ജന്മംകൊണ്ടത് ഈ മിന്നൽ വൈദ്യുതിയിലായിരിക്കാമെന്ന് ആധുനിക ശാസ്ത്ര മതം.

8. ചൈതന്യത്തിന്റേയും ഊർജ്ജത്തിന്റേയും ആരാധനയായ ശക്ത്യാരാധന കൊണ്ടുതന്നെ ഉഗ്ര ശക്തിയുള്ളവയെ നാം പ്രത്യേകം ആരാധിക്കുന്നത്. സർപ്പത്തേയും, പുലിവാഹനനായ അയ്യപ്പനേയും, സിംഹോപരിസ്ഥിതയായ ദേവിയേയും, ശൂലത്തേയും, അഗ്നിയേയും, സൂര്യനേയും പ്രത്യേകതയോടെ നിത്യാരാധനയുടെ ഭാഗമാക്കിയിരിക്കുന്നതിന്റെ സാരവും ഇതത്രെ!

ഭാരതീയർ മനസ്സിന്റേയും ആത്മീയതയുടേയും, യുക്തിയുടേയും അടിസ്ഥാനത്തിലാണ് പ്രപഞ്ചത്തെ വിശകലനം ചെയ്തത്. യൂറോപ്പുകാരുടെ പ്രകൃതിയിലെ ബാഹ്യമായ പ്രതിഭാസങ്ങളുടെ ആധാരത്തിൽ പ്രപഞ്ചത്തെ വിശകലനം ചെയ്തു. മനസ്സിന്റെ പന്ഥാവിലൂടെ പ്രപഞ്ച (ഏകമായ) ചൈതന്യത്തിൽ (സഹസ്രാബ്ദങ്ങൾക്ക് മുമ്പ്) ഭാരതീയരെത്തി. ആധുനിക ശാസ്ത്രം ഇന്ന് അതേ ബിന്ദുവിൽ തന്നെ എത്തി നിൽക്കുന്നു.

(സ്വാമി വിവേകാനന്ദൻ)

Scanned with CamScanner

പ്രപഞ്ച പുരുഷ സങ്കൽപം

ബ്രഹ്മരൂപം, ബ്രഹ്മ ഭാവം, ബ്രഹ്മ ചൈതന്യം ഇവയെല്ലാം ചിന്താ മണ്ഡലത്തിലെത്തിക്കുവാനും ഉപാസനാ മാർഗത്തിൽ ആനയിക്കുവാനും സാധാരണക്കാർക്ക് പ്രയാസമാണ്. ബ്രഹ്മചൈതന്യത്തിന് അനുനിമിഷം ചലനാത്മകമായതും ഊർജ്ജ പങ്കിലമായതും കടിഞ്ഞാണില്ലാത്ത വേഗത്തിൽ പായുന്നതുമായ ബ്രഹ്മാണ്ഡത്തിന്റെ ഭാവമാകണം, ഊർജ്ജം തിമിർത്ത് മറയുമ്പോഴും ശാന്തമായിരിക്കുന്ന ഒരു രൂപം നൽകിയാൽ, അവ ചിന്താമണ്ഡലത്തിലെത്തിക്കുവാൻ പ്രയാസം കുറയും. എങ്കിലും ജ്ഞാനത്തിന്റെ ദൃഷ്ടിയിലൂടെ മാത്രമേ ദർശനം സാദ്ധ്യമാകൂ എന്നും വ്യക്തമാക്കണം. അതിനാൽ **ദിവ്യം ദദാമി തേ ചക്ഷുഃ പശ്യമേ യോഗമൈശ്വരം** 'ദിവ്യചക്ഷസ്സുകളാൽ ദർശനം സാദ്ധ്യമാകുന്ന ഒരു രൂപമിതാണ് എന്നുവ്യക്തമാകും: വിശ്വരൂപം, ബ്രഹ്മത്തിന്റെ പ്രപഞ്ചരൂപം. ഭഗവത്ഗീതയിലെ പതിനൊന്നാം അദ്ധ്യായത്തിൽ അക്ഷരംപ്രതി ഈ വരികൾ വിവരിക്കുന്നത് ശ്രദ്ധിക്കുക.

ദിവി സൂര്യസഹസ്രസ്യ ഭവേദ്യുഗപദുത്ഥിതാ
യദി ദാഃ സദൃശീ സാ സ്യാദ് ഭാസസ്തസ്യ മഹാത്മനഃ
അനാദി മധ്യാന്തമനന്ത വീര്യമനന്തബാഹും ശശിസൂര്യനേത്രം
പശ്യാമി ത്വാം ദീപ്ത ഹുതാശവക്ത്രം സ്വതേജസാവിശ്വമിദം തപന്തം
പശ്യാമി ത്വാം സർവതോനന്തരൂപം
നാന്തം ന മധ്യം ന പുനസ്തവാദിം പശ്യാമിവിശ്വേശ്വര വിശ്വരൂപം

സഹസ്രാവതി സൂര്യന്മാരുണ്ടെങ്കിൽ, അത്ര തന്നെ സൗരയൂഥങ്ങളുണ്ടാകണം, അത്രയും തന്നെ മറ്റു ജ്യോതിരൂപങ്ങളും ചേർന്ന് ആദിയും മധ്യവും അന്ത്യവുമില്ലാത്ത ഒരു മഹത് രൂപം അതിന്റെ തേജസ്സിനാൽ പ്രപഞ്ചം മുഴുവനും പ്രഭാപൂരിതമാകുന്നു. ഞാൻ അങ്ങുതന്ന ജ്ഞാനദൃഷ്ടികൊണ്ട് കാണുന്നു. സത്യത്തിലതൊരു ഭീകരമായ രൂപംതന്നെ! ശാന്തമായ ഭീകരരൂപം! ഇന്ന് ലഭ്യമായ പ്രപഞ്ചഫോട്ടോയിൽ കാണുവാൻ സാധിക്കുന്ന അതേ രൂപവും ഭാവവും ചലനാത്മകതയുമുണ്ടതിന്.

ത്വമാദിദേവഃ പുരുഷഃ പുരാണസ്ത്വമസ്യ വിശ്വസ്യപരം നിധാനം

ആദിദേവനായ പ്രപഞ്ച പുരുഷന്റെ അടിസ്ഥാനരൂപം തന്നെ വിശ്വരൂപമാണ്. ഹേ ദേവ അത് അവിടുന്നുതന്നെയാണ്.

വിശ്വാകാരം ഗഗന സദൃശം മേഘവർണം..... എന്ന സ്തുതിയിൽ അനന്തതയുടെ പേരുതന്നെയാണ് ആകാശം, അനന്തതയുടെ നിറമത്രെ നീല, അനന്തതയുടെ ആകാരമോ വിശ്വാകാരവും. ആധുനിക ശാസ്ത്രത്തിനു

Scanned with CamScanner

പോലും അതിർത്തി കണ്ടെത്താൻ സാധിക്കാത്തതാണ് ഈ പ്രപഞ്ചം. അതിർത്തിയില്ലാത്തതാണ് പ്രപഞ്ചപുരുഷരൂപവും.

വിശ്വതശ്ചക്ഷുരുത വിശ്വതോമുഖോ

വിശ്വതോ ബാഹുരുത വിശ്വതസ്പാത്

വിശ്വം മുഴുവനും കണ്ണുകളും, മുഖവും, കൈകളും, പാദങ്ങളും കൊണ്ട് സർവചരാചരങ്ങളേയും നിയന്ത്രിക്കുന്ന വിശ്വചൈതന്യമത്രെ ഈ വിശ്വരൂപം.

സഹസ്രശീർഷം ദേവം വിശ്വാക്ഷം വിശ്വ ശംഭുവം എന്നുൽഘോഷിക്കുന്ന ആ ദേവൻ തന്നെയാണ് **സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷസ്സഹസ്രപാത്**.... എന്നീ പുരുഷ സൂക്ത വരികളിലൂടെ വേദങ്ങൾ സ്തുതിക്കുന്നതും.

വേദാഹമേതം പുരുഷം മഹാന്തം ആദിത്യ വർണം തമസഃപരസ്താത്

ആദിത്യന്റെ പ്രഭയോടുകൂടിയ ജ്ഞാനാവതാരമായ വേദ പുരുഷനെയത്രെ വേദങ്ങൾ നമസ്കരിക്കുന്നത്.

വേദത്തിലങ്ങോളമിങ്ങോളം ഈ പ്രപഞ്ചപുരഷരൂപത്തിലുള്ള ഈശ്വരോപാസനകാണാം ഈ വിഷയത്തിൽ ആധുനികശാസ്ത്രം എവിടെ നിൽക്കുന്നു എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കും. ഏതാണ്ട് രണ്ടു മൂന്നു വർഷങ്ങൾക്കുള്ളിലാണ് പാശ്ചാത്യനാടുകളിൽ ഒരു 'പുതിയ ചിന്താധാര ' ഉടലെടുത്തത്. The self aware universe. സ്വയം ജ്ഞാന ശക്തിയുള്ള പ്രപഞ്ചം! നിർജ്ജീവമായ പ്രപഞ്ചം എന്നതിൽ നിന്നുമുള്ള മാറ്റമാണിത്. അനവധി വിശ്വോത്തരവിദ്യാലയങ്ങളിൽ ഇന്ന് ഈ വിഷയത്തെക്കുറിച്ച് short term course കൾ നടക്കുന്നുണ്ട്. Material creation from awareness എന്ന പുതുവിജ്ഞാനശാഖയുടെ ഉദയത്തോടുകൂടി സർവചരാചരങ്ങളുടേയും സൃഷ്ടിക്കാധാരമായ പ്രപഞ്ചചൈതന്യം എന്ന ഭാരതീയ സങ്കൽപം പൂർണ്ണരൂപത്തിൽ ആധുനികശാസ്ത്രം ഉൾക്കൊള്ളുകയാണ്.

> ഈ മഹാപ്രപഞ്ചചൈതന്യം എന്നിൽ നിറഞ്ഞ് എന്നെ മൂടിയിരിക്കുന്നു. ഞാനിതാ അതിനെ മനസ്സിലാക്കുന്നു.
>
> **പ്രൊഫ. പാസ്കൽ** (ഗണിതശാസ്ത്രജ്ഞൻ)

> നമ്മിൽ നിറഞ്ഞു നിൽക്കുന്ന ആ ചൈതന്യത്തെ നിഷേധിക്കാനാകില്ല. അതാണ് സർവ്വതിന്റേയും ഹൃദയസ്ഥാനത്തിരിക്കുന്നത്. ആ ചൈതന്യം തന്നെ പ്രപഞ്ചത്തിലെല്ലായിടത്തും എക്കാലവും നിറഞ്ഞിരിക്കുന്നു.
>
> **പ്രൊഫ. പെരെ തിൽഹാസ് ഡി ചാർഡിൻ (സസ്യ ശാസ്ത്രജ്ഞൻ)**

Scanned with CamScanner

ത്രിമൂർത്തി സങ്കൽപം

പ്രപഞ്ചചൈതന്യമായ ബ്രഹ്മത്തെ, ചിന്താമണ്ഡലത്തിലേക്കെത്തിക്കുവാൻ വേണ്ടിയുള്ള പ്രപഞ്ചപുരുഷ രൂപത്തെ വിഷ്ണുവായി നാം ആരാധിക്കുന്നു. പ്രപഞ്ചം മുഴുവനും വിഷ്ണുരൂപത്തിലുണ്ടെങ്കിൽ, ബ്രഹ്മ - വിഷ്ണു - മഹേശ്വരന്മാരെന്ന ത്രിമൂർത്തി സങ്കൽപമെന്തിന്? അനാദിയായ ഒന്നിനെ മൂന്നാക്കി ഭാഗിച്ചതെന്തിന്? **ഏകം സത് വിപ്രാഃ ബഹൂധാ വദന്തി.** ഒന്നായ അതിനെ പലതായി വിവരിക്കുന്നു. ഇതെങ്ങിനെ വ്യാഖ്യാനിക്കാം! ഈ സംശയങ്ങൾ സാധാരണയായി ഉദിക്കുന്നവയാണ്.

അനന്തമായതിനെ ഭാഗിക്കുക എന്നത് മനുഷ്യസഹജമായ സ്വഭാവമാണ്. ശാസ്ത്രവും സമൂഹവും അത് അടിവരയിട്ടംഗീകരിക്കുന്നുമുണ്ട്. അതിന് അനവധി ഉദാഹരണങ്ങളും കാണാം. ഭൂമിയിലുള്ള മഹാസാഗരങ്ങളെല്ലാം ഒന്നിനൊന്ന് ചേർന്ന്കിടക്കുന്നു. ഏത് എവിടെ ആരംഭിക്കുന്നു എന്നും അവസാനിക്കുന്നു എന്നും പറയുക അസാദ്ധ്യം. എന്നിരുന്നാലും ഇന്ത്യൻസമുദ്രം, ബംഗാൾ ഉൾക്കടൽ, അറേബ്യൻ സമുദ്രം പസഫിക്ക് സമുദ്രം എന്നെല്ലാം നാം അവയെ വേർതിരിക്കുന്നു. എല്ലാവിഭാഗത്തിലുമുള്ള ജലം പരസ്പരം അനുദിനം ഒത്തുചേരുന്നുമുണ്ട്. മറ്റൊരുദാഹരണം: കാലം അനന്തമായ പ്രവാഹമാണെങ്കിലും, ദിവസം, ആഴ്ച, മാസം, വർഷം എന്നിങ്ങനെ നാം അതിനെ ഭാഗിക്കുന്നു. ഒരു വർഷത്തെ തന്നെ ദക്ഷിണേന്ത്യയിൽ മൂന്നായി വിഭജിക്കുന്നുണ്ട്. ഈ വിഭജനത്തിന് കാരണം വസ്തുതാപരമായി നോക്കിയാൽ ലളിതമാണുതാനും. താപംകൂടിയ കാലം വേനൽകാലം, താപം കുറഞ്ഞ കാലം മഞ്ഞുകാലം, മഴപെയ്യുന്നത് മഴക്കാലം. ചെറിയ ബാഹ്യ ദർശനത്തിൽ കാലത്തെതന്നെ വിഭജിച്ചിരിക്കുന്നു. ജ്ഞാനത്തെയും ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇക്കണോമിക്സ്, ലിറ്ററേച്ചർ എന്നിങ്ങനെ എത്രയായിട്ടാണ് ഭാഗിച്ചിരിക്കുന്നത്. ജന്തുജാലങ്ങളെ 16 ലക്ഷം തരങ്ങളായും സസ്യങ്ങളെ നാലുലക്ഷം തരങ്ങളായും ഭാഗിച്ചിരിക്കുന്നു. ഈ ശാസ്ത്രീയ വിശകലനം തന്നെയാണ്, സൃഷ്ടി സ്ഥിതി സംഹാരം, എന്നീ വ്യക്തമായ മൂന്നു പ്രക്രിയയെ ആധാരമാക്കി പ്രപഞ്ചശക്തിയെ വിഭജിച്ചിരിക്കുന്നതിലും. പരസ്പരം അഭേദ്യമായ ബന്ധമുള്ള പ്രതിഭാസങ്ങൾക്ക് അധിപതിമാരെ പ്രതിഷ്ഠിച്ചതാണ് ത്രിമൂർത്തി സങ്കൽപം.

Scanned with CamScanner

ശാസ്ത്രീയമായി സൃഷ്ടി സ്ഥിതി സംഹാരത്തെ സൂചിപ്പിക്കുന്നതിന് അവശ്യമായ - വസ്തുതാപരമായ സമഗ്രവീക്ഷണം വേണം. അവതരിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിശേഷണങ്ങളും, വസ്തുതകളും, ശാശ്വത സത്യങ്ങളുംകൊണ്ട് അലംകൃതമായ ഓരോ മനുഷ്യരൂപത്തിലാണ് ത്രിമൂർത്തികളെ രൂപീകരിച്ചിരിക്കുന്നത്. ബ്രഹ്മാവിഷ്ണുമഹേശ്വര രൂപ-ഭാവ ഭേദ സങ്കൽപങ്ങളുടെ അടിസ്ഥാനം ഇതാണ്. ആത്മീയതക്കപ്പുറം ഒരു ശാസ്ത്രീയ-ഭൗതിക അർത്ഥം കണ്ടെത്തുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി മാത്രമായിരിക്കണം ഈ 'ചിത്രരചന', ശാസ്ത്രജ്ഞാനികളും ആത്മജ്ഞാനികളുമായ ഋഷിവര്യന്മാർ തന്നിരിക്കുന്നത്. ആത്മജ്ഞാനികളുടെ ത്രിമൂർത്തി രൂപ വിശകലനത്തിലെ ശാസ്ത്രജ്ഞാനം ചുവടെചേർക്കുന്നു.

ഭാരതീയ സന്ദേശമായ പ്രപഞ്ചത്തിലെ ഏകാത്മതാഭാവം ഇന്നു ഞാൻ, ആധുനിക ശാസ്ത്രത്തിന്റെ ഭാഷയിൽ വിവരിക്കുമ്പോൾ എന്റെ ഹൃദയത്തിലുണ്ടാകുന്ന ആനന്ദതിമിർപ്പ് വിവരിക്കുന്നതിൽ ഞാൻ പരാജയപ്പെടുന്നു... ഇപ്പോൾ എനിക്ക് മനസ്സിലാകുന്നുണ്ട്, ഒരു മുപ്പത് നൂറ്റാണ്ടുകൾക്കുമുമ്പ് എന്റെ പിതാമഹന്മാർ ഗംഗാതീരത്തു നിന്നുകൊണ്ട് ലോകത്തിനു നൽകിയ സന്ദേശത്തിന്റെ ചെറിയൊരംശം! ഈ ശാസ്ത്രത്തിലൂടെ ഇവിടെ ഞാനത് കാണുന്നു.

പ്രൊഫ. ജെ. സി. ബോസ്

Scanned with CamScanner

ബ്രഹ്മദേവരൂപം

ബ്രഹ്മം എന്നത് തന്നെ ചൈതന്യവും ശക്തിയുമാണെന്നറിഞ്ഞും ബ്രഹ്മപദത്തിന്റെ തിരിവുകൾ അനവധിയുണ്ട്. ബ്രഹ്മാണ്ഡം, ബ്രഹ്മവൈവർത്തം, എന്നിങ്ങനെ. ബ്രഹ്മാവ് എന്നപദം ബ്രഹ്മചൈതന്യത്തിന്റെ വാഹകനാകാം. ഊർജ്ജത്തിൽ നിന്നും വസ്തുക്കൾ (matter) ഉൽഭവിക്കും എന്ന ആൽബർട്ട് ഐൻസ്റ്റീന്റെ സിദ്ധാന്തത്തിന്റെ വിപരീതസിദ്ധാന്തം (converse theorem) വ്യക്തമാക്കുന്നു. അത് അടുത്ത കാലത്ത് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഊർജ്ജത്തിൽ നിന്ന് (ബ്രഹ്മത്തിൽ നിന്ന്) നിരന്തര പ്രക്രിയയിലൂടെ (ബ്രഹ്മവൈവർത്തത്തിലൂടെ - modification of energy) ബ്രഹ്മാവ് നടത്തുന്ന കർമ്മമാണ് സൃഷ്ടി. അതുകൊണ്ടു തന്നെ ബ്രഹ്മാവ് പ്രപഞ്ചപുരുഷ രൂപിയായ ഊർജ്ജവുമായി ബന്ധപ്പെട്ടിരിക്കുന്നു. അമ്മയുടെ ഗർഭത്തിൽ ജനനം നടക്കുന്ന ഭ്രൂണശിശു പൊക്കിൾകൊടി വഴി അമ്മയിൽ നിന്നും ചൈതന്യം വലിച്ചെടുക്കുന്നതുപോലെയുള്ള ബന്ധത്തെയാണ്, ബ്രഹ്മാവിരിക്കുന്ന താമരയിലൂടെ ആദി ഋഷിവര്യന്മാർ സൂചിപ്പിക്കുന്നത്. ജലാശയത്തിന്റെ (പ്രപഞ്ചത്തിന്റെ) മുകളിൽ വന്ന് വിടർന്നു വിലസുന്ന താമരപോലെ (സൃഷ്ടി)യാണീ ബന്ധം. അത്യാധുനികശാസ്ത്രം ഈ അടുത്തകാലത്ത് അംഗീകരിച്ച creation of material from awareness എന്ന തത്വം ഇവിടെ പ്രാധാന്യമർഹിക്കുന്നു. സൃഷ്ടി കർത്താവിനും ശാസ്ത്രീയവിശകലനം നൽകുവാൻ പാകത്തിന് ഒരു ഗണിത ശാസ്ത്രത്തിന്റെ സൃഷ്ടി ഭാവന ആദി ഋഷിവര്യനിൽ ഉണ്ടായിരുന്നുവോ എന്നറിഞ്ഞുകൂടാ. പക്ഷേ ഗണിതശാസ്ത്രത്തിന് ബ്രഹ്മാവിന്റെ രൂപത്തിൽ ഉത്തമമായ ഒരു ഗണിതസിദ്ധാന്തം ദർശിക്കാൻ സാധിക്കുന്നു. സൃഷ്ടിക്കത്യന്താപേക്ഷിതമായ x, y z ആക്സിസുകളും നാലാമതായി ഒരു time ആക്സിസും. ഒരു ബിന്ദുവിൽ നിന്നും (മൂന്നു ദിശയിലേക്ക്) ചരിക്കുന്ന രേഖകൾപോലെയാണിവ. നാലാം സാങ്കല്പികദിശപോലെ നിലകൊള്ളുന്നത് സമയത്തിന്റെ അക്ഷം. വ്യക്തമായ മൂന്നു മുഖവും അൽപം അവ്യക്തമായ നാലാമതൊരു മുഖവുമാണ് നാൻമുഖനായ ബ്രഹ്മാവിന്റെ രൂപത്തിലുള്ളത്. സൃഷ്ടിക്കത്യന്താപേക്ഷിതമായ അറിവ് വേദഗ്രന്ഥങ്ങളായി ബ്രഹ്മഹസ്തത്തിലിരിക്കുന്നു. കർമ്മോന്മുഖമായ അറിവ് വിദ്യാരൂപിണിയായി (സരസ്വതി) ബ്രഹ്മസമക്ഷം വിലസുന്നു. സൃഷ്ടിയുടെ കാലയളവ് ബ്രഹ്മകൽപമായ 14 മന്വന്തരങ്ങളാണ്. അതായത് 4320000

Scanned with CamScanner

വർഷങ്ങൾ ചേർന്ന 72 മഹായുഗങ്ങൾ വീതമുള്ള 14 മന്വന്തരങ്ങളാണ് ജീവൻസൃഷ്ടി തുടങ്ങി മഹാപ്രളയാന്ത്യംവരെയുള്ള കാലഘട്ടം 4320000 x 72 x 14 = 4354560000 വർഷങ്ങൾ! ജീവന്റെ സൃഷ്ടി (വൈറസുകളുടെ സൃഷ്ടി) തുടങ്ങി ഇന്നുവരെയുള്ള കാലഘട്ടം 6 മന്വന്തരങ്ങളും, 27¾ മഹായുഗങ്ങളും, കലിയുഗത്തിലെ ഏതാണ്ട് 5100 വർഷങ്ങളും കഴിഞ്ഞിരിക്കുന്നു. അതായത് 1869485100 (ഏകദേശം 187 കോടി) വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ആധുനികശാസ്ത്ര പ്രകാരം ആർക്കിസോയിക് കാലഘട്ടം ജീവന്റെ ഉത്ഭവം ദർശിച്ചകാലഘട്ടം 137-238 കോടി വർഷങ്ങൾക്കിടക്കത്രെ. ഇവയുടെ ശരാശരി യെടുത്താൽ ആദിഋഷി ഗണിച്ചെടുത്ത ബ്രഹ്മസൃഷ്ടിയുടെ കാലഘട്ടത്തിലെത്തുക തന്നെ ചെയ്യും! ഋഷിയും ആധുനിക ശാസ്ത്രജ്ഞനും നേരിൽ കണ്ടുമുട്ടുന്ന ജീവസൃഷ്ടിയുടെ കാലഘട്ടം!

ഇതാണ് ബ്രഹ്മാവിന്റെ ശാസ്ത്രരൂപം. ബ്രഹ്മാവ് മനുഷ്യനല്ല. മനുഷ്യന് ചിന്താമണ്ഡലത്തിലെത്തിക്കുവാൻ കൊടുത്ത സൃഷ്ടിയുടെ ശാസ്ത്രതത്ത്വങ്ങളേന്തിയ സാങ്കൽപിക ശാസ്ത്രീയ രൂപം മാത്രമായിരിക്കാം, ബ്രഹ്മാവിന്റെ രൂപം. സകലമാനസൃഷ്ടിയുടേയും അധിപതിക്കൊരു സൃഷ്ടിവേണ്ടാത്തതുകൊണ്ടാകാം, ബ്രഹ്മാവിന് സാധാരണയായി ക്ഷേത്രങ്ങൾ നിർമ്മിക്കാത്തത്.

നമുക്കജ്ഞാതമായ ഭാരതീയ ഋഷിവര്യന്മാരുടെ ദൃഷ്ടി ഗോചരങ്ങളായ ലോകത്തെ തഴഞ്ഞു മുമ്പോട്ടുപോകുക അസാദ്ധ്യം തന്നെ. അത്യുജ്ജ്വലമാണിവരുടെ ദൃഷ്ടിയിലെ ഈ പ്രപഞ്ചം. ഈ ഗ്രഹത്തിന്റെ ഭാവി നിലനിൽപ്പുതന്നെ അതിനെ ആശ്രയിച്ചിരിക്കും. ആധുനിക ശാസ്ത്രജ്ഞൻ സസ്യത്തിലെ ജീവനെക്കുറിച്ചുള്ള ജ്ഞാനത്താൽ തന്നെ പതറിപ്പോകുമ്പോൾ, എത്ര അവിശ്വസനീയമെന്ന് തോന്നാമെങ്കിലും ഈ ഭാരതീയ ഋഷിവര്യന്മാർ നൽകുന്ന സമഗ്രപ്രശ്നപരിഹാരം, ആധുനികശാസ്ത്രജ്ഞന്മാരുടെ പൊടിപാറുന്നവാക്കുകളേക്കാൾ വിശ്വസനീയമാണ്. എന്തിനേറെ, ആ ഋഷിവര്യന്മാർക്കേ ജീവിതത്തെ സമഗ്രമായ തത്ത്വശാസ്ത്ര ത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുവാൻ സാധിച്ചിട്ടുള്ളൂ.

(പ്രൊഫ. ഹീറ്റർ ടോംപ്കിൻസ്, പ്രൊഫ. ക്രിസ്റ്റഫർ ബേഡ്)

Scanned with CamScanner

വിഷ്ണു രൂപം

പ്രപഞ്ചപുരുഷരൂപം, ബ്രഹ്മരൂപത്തെപോലെ ചിന്താതീതമാണെങ്കിൽ മനുഷ്യരൂപത്തിന് സമീപത്തേക്കതിനെകൊണ്ടു വരണം. നമ്മുടെ വിചാരവികാരങ്ങൾക്കനുരൂപമാക്കിത്തീർക്കുകയും വേണം. പ്രപഞ്ച രൂപത്തിന്റെ വിഷ്ണുരൂപം അല്ലെങ്കിൽ നരനാരായണരൂപം! അതായത് മനുഷ്യരൂപത്തിലുള്ള നാരായണരൂപം, ഈ വരിയിൽ നിന്നും വ്യക്തമാകുകയും ചെയ്യും.

ആദിവിഷ്ണോഃ ആദിനാരായണസ്യ അചിന്ത്യയാ അപരിമിതയാ ശക്ത്യാ ഭ്രിയമാണസ്യ അനേക കോടി ബ്രഹ്മാണ്ഡാനാം മധ്യേ.....

ആദിവിഷ്ണുവായ ആദിനാരായണന്റെ ചിന്താതീതമായതും പരിമിതികളില്ലാത്തതുമായ ഉജ്ജ്വലശക്തിയാൽ കറങ്ങിക്കൊണ്ടിരിക്കുന്ന അനേക കോടി ബ്രഹ്മാണ്ഡങ്ങളുടെ മധ്യത്തിൽ (ബില്യൺസ് ആൻറ് ബില്യൺസ് ഓഫ് ഗാലക്സീസ് - എന്ന് ആധുനികശാസ്ത്രം) എന്ന വിവരണം പ്രപഞ്ചപുരുഷൻ തന്നെയാണ് ആദിവിഷ്ണുവായ ആദിനാരായണൻ എന്നു വ്യക്തമാക്കുന്നു.

വിശ്വം വിഷ്ണുവഷട്കാരോ ഭൂത ഭവ്യഭവത് പ്രഭുഃ

എന്ന വിവരണവും വിശ്വാകൃതിയുള്ളതും ഭൂത-ഭാവി-വർത്തമാനങ്ങളുടെ പ്രഭുവുമായ വിഷ്ണു തന്നെയാണ് പുരുഷസൂക്തം എന്ന വേദമന്ത്രത്തിൽ പ്രപഞ്ചപുരുഷനായി സ്തുതിക്കപ്പെടുന്നത് എന്നും വ്യക്തം.

വിശ്വം നാരായണം ദേവം അക്ഷരം പരമം പദം
വിശ്വതഃ പരമാന്നിത്യം വിശ്വം നാരായണ ഹരിം
നാരായണം മഹാ ജ്ഞേയം വിശ്വാത്മാനം പരായണം.

വിശ്വത്തെ നാരായണനായി കണ്ടുകൊണ്ട്, നാശമില്ലാത്ത പരമമായ പ്രഭുവായി വർണിച്ച്, നിത്യവും പരമവുമായ ചൈതന്യത്തോടെ വർത്തിക്കുന്ന വിശ്വചൈതന്യമെന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയാണീ ഉപനിഷദ് വചനം. സർവ്വജ്ഞാനത്തിന്റേയും ജനയിതാവാണെന്നും (ശാസ്ത്രീയമായി അംഗീകരിക്കാവുന്ന) വിശ്വചൈതന്യത്തെ സ്തുതിക്കുന്നു എന്നിപ്രകാരമുള്ള അനേകം സ്തുതികളും വേദങ്ങളിലും, മഹാനാരായണ ഉപനിഷദ്പോലുള്ള ഉപനിഷത്തുകളിലും നിറഞ്ഞു നിൽക്കുന്നു.

Scanned with CamScanner

ദ്യാവാ പൃഥവീ ജനയൻ ദേവ ഏകഃ

ഈ പ്രപഞ്ചജ്യോതീരൂപങ്ങളുടെ ജനയിതാവായ ദേവൻ ഒന്നു തന്നെയാണെന്ന് ഋഗ്വേദം പറയുന്നു. ആ ദേവനെ മനുഷ്യ മസ്തിഷ്കത്തിലും, ചിന്തയിലും, ധ്യാനത്തിലും കൊണ്ടുവരുവാൻ സാധ്യമാകുന്നത്, മനുഷ്യന് സമാന്തരമായി എന്നാൽ മനുഷ്യനേക്കാൾ വിവരണാതീതമായ് ശക്തിയും വ്യാപ്തവുമുള്ള ഒരു രൂപം നൽകുമ്പോഴാണല്ലോ. അപ്രകാരം സൃഷ്ടിച്ച ഒരു മനുഷ്യരൂപമുള്ള പ്രപഞ്ചമുണ്ട്. അതാണ് വിഷ്ണുരൂപം. ഈ വിഷ്ണുവിന് വിശ്വരൂപം നൽകിയിരിക്കുന്ന ആദി കവിയുടെ മഹത്വം നോക്കുക. ഉജ്ജ്വല ശാസ്ത്ര വിവരണമല്ലേ ഈ ഈശ്വരകവി നൽകിയിരിക്കുന്നത്!

പ്രപഞ്ചത്തിന് അനന്തമായ അളവുണ്ട്. അനന്തതയെ സൂചിപ്പിക്കുന്ന കടലിന്റേയും ആകാശത്തിന്റേയും നിറമാണ് വിഷ്ണുവിന്. **വിശ്വാകാരം ഗഗന സദൃശ്യം മേഘവർണ്ണം ശുഭാംഗം ലക്ഷ്മീകാന്തം ....** എന്ന വരിയുടെ അർത്ഥവും വ്യക്തമാണ്. അനന്തം (ഇൻഫിനിറ്റി) അന്തമില്ലാത്ത എന്നു വ്യക്തമാക്കുന്ന അനന്തൻ എന്ന സർപ്പത്തിൽ വിഷ്ണു ശയിക്കുന്നു. ഏതൊരു ഗാലക്സിയുടേയും ചിത്രം ചരുണ്ടു ചുരുണ്ടു സ്പ്രിങ്ങ് പോലെ വരുന്നതുകാണാം. സർപ്പത്തിനു മാത്രമല്ലേ ചുരുണ്ട് ചുരുണ്ട് സ്പ്രിങ്പോലെയാകാൻ സാധിക്കൂ. ഒരു സർപ്പത്തിനും അഞ്ചു തലയുണ്ടാകില്ല എന്നറിയാവുന്ന ഋഷിവര്യന്മാർ അനന്തതക്കെങ്ങിനെ അഞ്ചു തലകൊടുത്തു? പ്രപഞ്ചത്തിലെ സർവ്വതും പൃഥ്വി-അപ്-തേജ-വായു-ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണെന്നു സൂചിപ്പിക്കുന്ന ശാസ്ത്രസത്യമല്ലേ, ഈ തലകൾ (സർപ്പപത്തികൾ) പഞ്ചഭൂതങ്ങൾക്കുള്ളിലെ (വിശ്വചൈതന്യം ശയിക്കുന്നു എന്നത് സിംബോളിക് ആയി സൂചിപ്പിക്കുന്നതല്ലേ ശയിക്കുന്ന വിഷ്ണു. സംസ്കൃതകവി ഇതിനെ വർണിച്ചതു നോക്കൂ.

പൃഥ്വി – അപ് – തേജ – വായു – ആകാശ – അഹം കാരാദി മഹദ് അവൃക്തൈഃ ആവരണൈഃ ആവൃതേ അസ്മിൻ മഹതി ബ്രഹ്മാണ്ഡമണ്ഡലേ....

പഞ്ചഭൂതങ്ങളെന്ന അവ്യക്തങ്ങളായ ആവരണങ്ങളാൽ ആവൃതമായ അഹം (അഹം – ബ്രഹ്മാസ്മി – എന്നതിലും പ്രപഞ്ചത്തിലും അടങ്ങിയിരിക്കുന്ന ചൈതന്യം) നിറഞ്ഞിരിക്കുന്ന ഈ ബ്രഹ്മാണ്ഡ മണ്ഡലം (ബ്രഹ്മചൈതന്യം നിറഞ്ഞുനിൽക്കുന്ന ഈ പ്രപഞ്ചമെന്ന മണ്ഡലത്തിൽ ..... എന്നർത്ഥം) അനന്തശയനത്തെ ശാസ്ത്രീയമായി ശരിവയ്ക്കുന്നു. അനന്തശയനം എന്ന പദത്തിന്റെ അർത്ഥം ആദിയും

Scanned with CamScanner

അന്തവുമില്ലാത്ത ഒരു ശാന്തമായ അവസ്ഥ എന്നുതന്നെയാണ്. ഈ ശയനം പാലാഴിയിലാണെന്ന് സംസ്കൃത വരിയിൽ പറയുമ്പോൾ പ്രപഞ്ചത്തെ **മിൽക്കിവേ** (പാലാഴി-അർത്ഥം) ഗാലക്സിയിലേക്ക് ചൂരുക്കി കാണിക്കുകയല്ലേ ഋഷിയും ചെയ്യുന്നത് എന്നു വ്യക്തമാകും. **സഃനാഭികമലേ വിഷ്ണോഃസ്ഥിതോ ബ്രഹ്മഃ പ്രജാപതിഃ** പൊക്കിൾക്കൊടിയിലൂടെ അമ്മയിൽ നിന്നും ചൈതന്യം വലിച്ചെടുത്ത് വളരുന്ന ശിശു എന്ന പുതിയ സൃഷ്ടിയെയല്ലേ വിഷ്ണു എന്ന പ്രപഞ്ചരൂപത്തിൽ നിന്നു തന്നെ ചൈതന്യം വലിച്ചെടുത്ത് സൃഷ്ടി നടത്തുന്നു എന്ന സങ്കൽപം ഉൽഘോഷിപ്പിക്കുന്നത്. ജീവന്റെ സൃഷ്ടിയെക്കുറിച്ച് പഠിച്ച ആധുനിക ശാസ്ത്രജ്ഞനായ ഡോ. സിറിൾ പൊണ്ണൻപെരുമക്ക് പ്രപഞ്ചത്തിലെ സൂര്യതേജസും, മിന്നലും, ജലാംശവും മൂലം മീതേനും-അമിനോ ആസിഡും, പെപ്റ്റൈഡുകളും പോളിപെപ്റ്റൈഡുകളും, തുടർന്ന് വൈറസുകളും, ബാക്റ്റീരിയയും ആയിത്തീർന്നു എന്നു വിവരിക്കുവാൻ ഈ രൂപത്തെക്കാൾ അനുയോജ്യമായ മറ്റൊരു രൂപം ലഭ്യമല്ല എന്നു തോന്നുന്നു. ഇത്രയും മഹത്തായ ഒരു രൂപത്തിന്റെ വർണ്ണനയാണ് വിഷ്ണുരൂപം.

ഹൈന്ദവസങ്കൽപത്തിൽ പുരുഷനോ സ്ത്രീക്കോ ഒറ്റക്ക് അസ്തിത്വമില്ല. പ്രപഞ്ചപുരുഷനുണ്ടെങ്കിൽ പ്രകൃതീ ദേവിയുണ്ടാകണം. അതുകൊണ്ടായിരിക്കും വിഷ്ണുപത്നീസ്ഥാനത്തിൽ ലക്ഷ്മീദേവിയെ ധനത്തിന്റേയും, സ്ഥിതിയുടേയും, ഐശ്വര്യത്തിന്റേയും മൂർത്തി മത്ഭാവമായി പ്രതിഷ്ഠിച്ചത്. സൃഷ്ടിയും നിയന്ത്രണവും, നിർദ്ദേശത്തിന്റെ പന്ഥാവും, ചലനാത്മകതയും ചേർത്ത്കൊണ്ട് നിൽക്കുന്ന ഒരു പ്രചോദന ചൈതന്യമായി ലക്ഷ്മി എന്ന ഐശ്വര്യം തിളങ്ങുന്നു. മാതാവിന്റേയും പത്നിയുടേയും പരിലാളനയുടെ ലാളിത്യവും പ്രഭയുമേന്തി നിൽക്കുന്ന സ്ത്രീലക്ഷ്മീരൂപം! ലക്ഷ്മി എന്ന പദത്തിനാകട്ടെ ഐശ്വര്യം എന്നർത്ഥം മാത്രമേയുള്ളൂ. സ്ഥിതിക്കാവശ്യമായ ഐശ്വര്യം.

പ്രപഞ്ചചൈതന്യവുമായ മനുഷ്യചൈതന്യം ഇഴുകിചേരുന്നു എന്ന തത്വം തന്നെ മനുഷ്യനിലെ അഹംഭാവത്തെ (ഈഗോ) ഇല്ലാതാക്കുന്നു. അവൻ അനശ്വരതയിൽ എത്തുന്നു എന്ന തോന്നലുണ്ടാകുന്നു. മനുഷ്യന്റെ അൽപത്വം പ്രപഞ്ചത്തിന്റെ മഹത്തത്വവുമായി ഒത്തുചേരുന്നു. ഇതാണ് ഭാരതീയ ധർമ്മ സങ്കൽപം ശാസ്ത്രീയമായി വ്യക്തിയുടെ ജീവശാസ്ത്രത്തെ വിശകലനം ചെയ്യുമ്പോൾ ഇവയ്ക്കു രണ്ടിനും അത്ഭുതകരമായ സാമ്യമുണ്ട്.

(എച്ച്. ജി. വെൽസ്, ജി. പി. വെൽസ്, ജൂലിയൻ ഹക്സിലി)

Scanned with CamScanner

ശിവരൂപം

സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ അവസാനത്തെ ഭാഗം ശിവനിൽ നിക്ഷിപ്തമാണ്. ത്രിമൂർത്തികളും പ്രപഞ്ചചൈതന്യത്തിന്റെ ഭാഗമായതുകൊണ്ട് **ശിവസ്യഹൃദയം വിഷ്ണുഃ വിഷ്ണോസ്യ ഹൃദയംശിവഃ** എന്ന വേദവരിയിലൂടെ രണ്ടു രൂപങ്ങളും അഭേദ്യ ബന്ധമുള്ള വയാണെന്നു വ്യക്തമാകും. സൃഷ്ടിക്കപ്പെട്ടവയെല്ലാം സംഹാരത്തിനു വിധേയമാകണമെന്നതാണ് പ്രകൃതി നിയമം. സൃഷ്ടിക്കും സ്ഥിതിക്കും ഒരു താളവും ശാസ്ത്രവുമുണ്ടെങ്കിൽ സംഹാരത്തിനു പിന്നിലും ഇവ രണ്ടും വേണം. നമുക്ക് ഇഷ്ടമില്ലാത്തതാകാം മരണവും, സംഹാരവും, അതുകൊണ്ട് അത് മാറ്റി നിർത്താനാകില്ലല്ലോ. സൃഷ്ടിയും സ്ഥിതിയും ഈശ്വരീയമാണെങ്കിൽ സംഹാരശക്തിയും ഈശ്വരീയമാകണം. അപ്രകാരമുള്ള ഈശ്വരീയ ചൈതന്യത്തിന് സംഹാരത്തിന്റെ ലക്ഷണങ്ങളുണ്ടാകണം. (വിഷ്ണുവിന് പ്രപഞ്ചത്തിന്റേയും ബ്രഹ്മാവിന് സൃഷ്ടിയുടേയും ശാസ്ത്രീയ ലക്ഷണങ്ങളുള്ളതുപോലെ തന്നെ). സംഹാരം പ്രപഞ്ച പ്രക്രിയയുടെ ഭാഗമല്ലായിരുന്നുവെങ്കിൽ, ഈ ലോകം ഇന്ന് ജീവജാലങ്ങളെക്കൊണ്ട് നിറഞ്ഞുകവിയുമായിരുന്നു! ശിവൻ ഉഗ്ര മൂർത്തിയാണ് എന്നു പറയുന്നതുകൊണ്ടുതന്നെയാണ് ശിവപത്നി ശക്തി സ്വരൂപിണിയാണെന്നു പറയുന്നതും. എല്ലാ ജീവജാലങ്ങളുടേയും സംഹാരം അഞ്ചുവിധത്തിൽ മാത്രമേ സാധ്യമാകൂ. വായുപ്രവാഹം കൊണ്ടോ വായിവുന്റെ തടസംകൊണ്ടോ (ശിവന്റെ ശിരസിലെ ജടയുമായി വായുപ്രവാഹം ബന്ധപ്പെട്ടിരിക്കുന്നു.) ജലം കൊണ്ട് (ശിവ ശിരസിലെ ഗംഗ) അഗ്നികൊണ്ട് (തൃക്കണ്ണിലെ അഗ്നി) രോഗംകൊണ്ട് (കഴുത്തിലെ സർപ്പം! ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ചിഹ്നം സർപ്പമാണ്. ചരിത്രാതീതകാലം മുതൽക്കുതന്നെ സർപ്പം രോഗത്തെ സൂചിപ്പിക്കുന്നു). അഞ്ചാമതായി ആയുധംകൊണ്ട് (ത്രിശൂലം)! ശ്മശാനവാസിയായ ശിവൻ സംഹാരത്തിന്റേയും മൃത്യുവിന്റേയും ദേവനായിട്ടാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് പ്രകൃതിയുടെ സംഹാരശക്തിക്കാധാരമായി രൂപം നൽകി ശിവനെ മൃത്യുഞ്ജയനെന്നു വിളിക്കുന്നു.

സൃഷ്ടിക്ക് (ബ്രഹ്മാവിന്) വിദ്യ (സരസ്വതി) അഭേദ്യമായ ഘടകമായതുപോലെ, സംഹാരത്തിന് (ശിവന്) ശക്തിയും (പാർവതി) അവിഭാജ്യഘടകമാണ്. ശാന്തമായ വായുവിനും, ജലപ്രവാഹത്തിനും ചെറിയ ദീപജ്വാലക്കും, കുറഞ്ഞ വിഷത്തിനും (ചെറിയരോഗത്തിനും)

Scanned with CamScanner

ശക്തിയായി പ്രയോഗിക്കാത്ത ആയുധത്തിനും എവിടെയാണ് സംഹാരശേഷിയുള്ളത്! അതുകൊണ്ടത്രെ ശിവനോട് ശക്തി (പാർവതി)യും ചേർന്ന് അർദ്ധനാരീശ്വരരൂപം ഉടലെടുത്തത്. ശക്തിക്ക് അനന്ത സാദ്ധ്യതയുള്ളതുകൊണ്ട് പർവ്വതാകാരം എന്നർത്ഥംവരുന്ന പർവ്വതപുത്രിയായി പാർവ്വതി, മനോമണ്ഡലത്തിൽ സൃഷ്ടിക്കപ്പെട്ടു. ശിവ എന്ന പദത്തിലെ 'ശ' യുടെ വള്ളിയാണ് വള്ളീദേവിയായ പാർവ്വതി എന്നു പറയാറുണ്ട്. ആ വള്ളിയില്ലാത്ത ശിവരൂപം ശവരൂപമാണുതാനും.

പുലിത്തോലും, കമണ്ഡലുവും, കപാലവും, ഭസ്മവും എല്ലാം ചേർന്ന ശിവരൂപം ഈശ്വരീയമെന്ന ഹിന്ദു സങ്കൽപത്തിന്റെ മംഗള രൂപമല്ലാ എന്നൊരു തോന്നലുണ്ടാകാം. സംഹാരശക്തിയെ പ്രതിനിധാനം ചെയ്യുന്ന രൂപങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ടവ മാത്രമാണിവയെല്ലാം. ശിവഭജനം പ്രധാനമായും മൃത്യുമോചനത്തിനാണ്, സംഹാരശക്തിയുടെ അധിപനെയാണല്ലോ സംഹാരത്തിൽ നിന്ന് രക്ഷനേടുവാൻ ആശ്രയിക്കേണ്ടത്.

ശിവലിംഗം

ഊർജ്ജത്തിന്റെ (ശക്തിയുടെ) കൂടാരമായിട്ടാണ് ശിവലിംഗ സങ്കൽപം തന്നെ. മറ്റെല്ലാ ദേവന്മാർക്കും ദേവതമാർക്കും വിഗ്രഹം പോലെയാണ് മഹാദേവന് ശിവലിംഗം. ആധുനികശാസ്ത്രത്തിന് ഈ വിഷയത്തിനു സമാനമായി മുമ്പോട്ടു വയ്ക്കുവാനുള്ളത് ആറ്റമിക് റിയാക്ടറുകളുടെ ആകൃതിയാണ്. ലോകത്തിൽ ഇന്ന് നിലവിലുള്ള ഇരുന്നൂറിൽപരം ആറ്റമിക് റിയാക്ടറുകൾ എല്ലാം തന്നെ ശിവ ലിംഗാകൃതിയിലാണ്. ആധുനിക ശാസ്ത്രലോകം ദർശിച്ച ഒരു അത്യുജ്വല ശക്തിയുടെ സ്രോതസ് രൂപം, അണുവിട വ്യത്യാസമില്ലാതെ പുരാതന ഭാരതീയർ സഹസ്രാബ്ദങ്ങൾക്കു മുമ്പ് നിർമ്മിച്ചത് അത്ഭുതകരമായിരിക്കുന്നു. ഇവിടെയാണ് ഭാരതീയമായ ആത്മീയചിന്തയിലെ ശാസ്ത്രപ്രകടനം ദൃശ്യമാകുന്നത്.

ശിവപൂജയുള്ള ക്ഷേത്രങ്ങളിൽ ശിവലിംഗത്തിനു മുകളിൽ തൂള്ളിയായി നിരന്തരം വീഴുന്ന ധാരക്കടാര - ജലധാര ഉണ്ടാകും, ഉജ്ജ്വലശക്തിയെ തണുപ്പിക്കുവാൻ (നിയന്ത്രിക്കുവാൻ) ആറ്റമിക് റിയാക്ടറുകളിൽ ഘന ജലം ഉപയോഗിക്കുന്നതിനു സമാനമായ ഈ ചടങ്ങുപോലും, ഗഹനചിന്തയുടെ ശാസ്ത്ര സമാന്തര പ്രകടനം തന്നെ

Scanned with CamScanner

എന്ന് സൂചിപ്പിക്കാതെവയ്യ. ശിവലിംഗത്തിനു മുമ്പിൽ ആത്മീയ നിർവൃതിക്കപ്പുറമുള്ള ശാസ്ത്രീയ തന്തുക്കളെ അന്വേഷിക്കുന്നവരുണ്ടെങ്കിൽ അവർക്കുവേണ്ടിയാണീ ശാസ്ത്രീയരൂപവിവരണം എന്നു പ്രത്യേകം ഓർക്കുമല്ലോ!

യമ - കാല സങ്കൽപം

സംഹാരമൂർത്തിയുടെ ഭാഗമാണ് ധർമ്മരാജാവായ യമൻ അഥവാ കാലൻ. ആത്മീയമായ ഇവരുടെ പരിവേഷത്തിന് ആന്തരികമായ ഒരു ശാസ്ത്രീയ വീക്ഷണവും അർത്ഥവും അടങ്ങിയിട്ടുണ്ട്. ധർമ്മരാജാവായ യമധർമ്മരാജന് ഈ വിവരണത്തിനപ്പുറമൊരു വിവരണം സാദ്ധ്യമാണോ എന്നുപോലും ചിന്തിക്കുക അസാദ്ധ്യം. യമൻ എന്ന പദത്തിന് വ്യക്തമായ അർത്ഥമിതാണ്. യാമത്തിന്റെ (സമയത്തിന്റെ അളവ്) അധിപൻ. കാലൻ, യമൻ തന്നെയാണ് കാലത്തിന്റെ അധിപനായി രൂപം ധരിച്ചവനാണ്. അനന്തമായി ആരംഭിച്ച് അനന്തമായിതന്നെ നീണ്ടുകിടക്കുന്ന യാമങ്ങൾക്കും കാലത്തിനും അധിപനെ പ്രതിഷ്ഠിച്ചതെന്തിനാണ്? അതിനു ലളിതമായ ഉത്തരമുണ്ട്. സർവ്വജീവജാലങ്ങൾക്കും ഭൂമണ്ഡലത്തിലോ പ്രപഞ്ചത്തിലെ വിടേയെങ്കിലുമോ ജനിച്ചുവീണ ഏതൊന്നിനും അന്ത്യനിമിഷം, അന്ത്യകാലം ഉണ്ട്. ആ അന്ത്യസമയം നിശ്ചയിക്കുന്നത് ആരാണെന്നതിന് ഒരു ഉത്തരമേയുള്ളൂ. It is the time which decides the time, സമയവും കാലവും തന്നെയാണ് ഓരോരുത്തരുടേയും ജീവിതാന്ത്യകാലം തീരുമാനിക്കുന്നത്. ശിശുവെന്നോ, യുവാവെന്നോ, വൃദ്ധനെന്നോ, ജ്ഞാനിയെന്നോ, ഋഷിയെന്നോ വ്യത്യാസമില്ലാതെ നമുക്കജ്ഞാതമാണെങ്കിൽപോലും, പ്രപഞ്ചശക്തിക്ക് ജ്ഞാതമായ സമയം നിശ്ചയിച്ചിട്ടുണ്ടെന്ന് തോന്നുന്നു. ആ സമയം നിശ്ചയിച്ചവന് കൊടുത്ത ഭീകരരൂപമാണ് യമ-കാല രൂപം. കാലൻ ധർമ്മരാജാവാണ്. ഒരേപോലെ എല്ലാവരേയും കാലമാകുമ്പോൾ 'സ്വയം വന്ന്' സ്വീകരിക്കുന്ന ധർമ്മം, ഒരു വിധ വിട്ടുവീഴ്ചകൾക്കും പ്രലോഭനങ്ങൾക്കും വശം വദനാകാതെ നടത്തിക്കൊണ്ടേയിരിക്കുന്നു. നിരന്തരമായി, അചഞ്ചലമായി, ശാന്തമായി ആർക്കും ഏറെക്കാലം നീണ്ടുനിൽക്കുന്ന പരിദേവനങ്ങളില്ലാതെ മൃത്യുപീഠത്തിലേക്കാനയിക്കുന്ന ഈ കർമ്മം നിർവഹിക്കുന്നതു കൊണ്ടത്രെ യമൻ എന്ന കാലനെ നാം ധർമ്മരാജാവാക്കിയത്. കഥയിലൂടെ പറഞ്ഞാൽ നൂറു ശതമാനവും ധർമ്മിഷ്ഠനായ ധർമ്മപുത്രർ ഒരു ചെറിയ കള്ളം പറഞ്ഞു എന്ന്

Scanned with CamScanner

വരുത്തിയതിന് കുറേസമയത്തെ നരകം കാണിക്കുവാൻ മറന്നുപോകാതെ, ധർമ്മം നിർവ്വഹിച്ച ധർമ്മരാജ പദവിയാണ് യമധർമ്മനുള്ളത്.

യമവാഹനം പോത്ത് ആയതെങ്ങനെ? ചെറുതും വലുതുമായ ആയിരക്കണക്കിന് ജന്തുക്കളുണ്ട്. അവയ്ക്കാവശ്യമായ ബുദ്ധിശക്തിയും വിവേചനവും ജഗദീശ്വരൻ കൊടുത്തിട്ടുണ്ടെന്ന്, അവയുമായി ഇടപഴകുമ്പോൾ നമുക്ക് മനസ്സിലാക്കാനും സാധിക്കും. വിവേചനമോ വകതിരിവോ തീരെയില്ലാത്ത ഒരു ജീവിയാണ് പോത്ത്. അതുകൊണ്ടാകാം ഭാരതീയഭാഷകളിൽ ഒരു പ്രയോഗം തന്നെ ഉണ്ടായത്. പോത്തിന്റെ ജന്മം! പോത്തിന്റെ ചെവിയിൽ വേദം ഓതുന്നതുപോലെ! എന്നൊക്കെ. ഈ വിവേചനബോധമില്ലാത്ത, തിരിച്ചറിവില്ലാത്ത ഒരു സംവിധാനത്തിലൂടെയാണ് മനുഷ്യനുൾപ്പെടുന്ന ജീവജാലങ്ങളുടെ കാലം അവസാനിപ്പിക്കുന്നത്. മരണം അടുക്കുന്നത്, കുട്ടിയെന്നോ വൃദ്ധനെന്നോ വ്യത്യാസമില്ലാത്ത ഈ പ്രക്രിയക്ക് വിവേചനം കാണാറില്ലല്ലോ! അതിന്റെ ചിത്രീകരണമാണ് യമൻ-കാലൻ, പോത്തിന്റെ പുറത്തുവരുന്നു എന്നും നമ്മെ കാണിക്കുന്നത്. ശ്വാസ ഉച്ഛ്വാസങ്ങൾ വലിച്ചെടുത്ത വസാനിപ്പിക്കുന്നത്, മൂക്കിൽ കയറിട്ട് വലിക്കുന്നതിനോടും ഉപമിച്ചിരിക്കുന്നു എന്നും പ്രത്യേകം ശ്രദ്ധിക്കുക.

..... അതുകൊണ്ട് ഭാരതീയ ചിന്താധാരകൾ സമയത്തിന്റെ വേലിക്കെട്ടുകളിൽ നിന്നും പരമമായ ഏകത്വത്തിനെ മോചിപ്പിക്കുന്നു. (കാലാതീതമെന്ന പ്രയോഗം സനാതന ധർമ്മത്തിൽ അതി പ്രാചീനമാണ്) അതേ മാർഗമാണ് ആധുനിക അപേക്ഷിക ഭൗതികശാസ്ത്രവും പറയുന്നത്

(പ്രൊഫ. ഫ്രിറ്റ് ജോഫ് കാപ്ര)

Scanned with CamScanner

പുരാണ ദേവതകൾ

മഹാലക്ഷ്മി: സ്ഥിതി (Survival) യോട് ചേർന്ന് നിൽക്കേണ്ടതാണ് ധനവും ഐശ്വര്യവും. അതുകൊണ്ട് വിഷ്ണു പത്നിയായി മഹാലക്ഷ്മിയെ ചേർത്തിരിക്കുന്നു.

സരസ്വതി: x, y, z കൂടാതെ സമയം (time) എന്നീ നാലു അക്ഷങ്ങൾ (ബ്രഹ്മാവിന്റെ നാലുമുഖങ്ങൾ) മാത്രം ചേർന്നാൽ ഒരു സൃഷ്ടിയും ആകില്ല. സൃഷ്ടി ഏതായാലും, അതിനായുള്ള വിദ്യ വേണം. അതുകൊണ്ടത്രെ വിദ്യയെ ദേവതയായി ബ്രഹ്മാവിനോട് ചേർത്തത്. വിജ്ഞാനം അനസ്യൂതം പ്രവഹിക്കേണ്ടതിനാൽ സരസ് (ഒഴുകുന്നത്) എന്ന അർത്ഥം വരുന്ന സരസ്വതിയായി.

സർവ്വവിധ ശാസ്ത്രസാങ്കേതിക വിദ്യകളുടേയും ഉൽപന്നങ്ങളായ ആയുധങ്ങളെ പൂജക്ക് അർപ്പിക്കുന്നതും അതുകൊണ്ടത്രെ. വിജ്ഞാന ഭണ്ഡാരമായ ഗ്രന്ഥങ്ങളും പൂജക്കുവയ്ക്കുന്നതിലും ഈ സങ്കൽപമുണ്ട്. സരസ്വതി എന്ന വിദ്യയുടെ പൂജ.

പാർവതി: അർദ്ധനാരീശ്വരഭാഗമായ ശക്തി സ്വരൂപിണിയുടെ സാന്നിദ്ധ്യം സംഹാരത്തിന്നത്യന്താപേക്ഷിതമായതിനാൽ ശിവനോടൊപ്പം പാർവതീ സാന്നിദ്ധ്യമുണ്ടായി.

മുരുകൻ: ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദഃശാസ്ത്രം, കൽപശാസ്ത്രം, ജ്യോതിഷം എന്നീ ആറു വേദാംഗങ്ങളിൽ ഏത് വിദ്യയാണോ പഠിക്കുവാനാരംഭിക്കുന്നത്; വിദ്യാർത്ഥി അതാതിന്റെ വിജ്ഞാനരൂപനായ സുബ്രഹ്മണ്യനെ ആരാധിക്കുന്നു. ആറും കൂടി ചേർന്നൊരു രൂപാരാധനയായിട്ടാണ് ആറുമുഖമുള്ള മുരുകൻ സംജാതമായത്.

ഗണപതി: സംഹാരാധിപനായി ശിവപുത്രനായി ഗണപതിയെ കാണുന്നു. മൃത്യുവിന്റെ "കൊച്ചുമകനാകാം" വിഘ്നങ്ങൾ. അതുകൊണ്ട് വിഘ്നാധിപതിയായി വിഘ്നേശ്വരനുണ്ടായി. വിഘ്നങ്ങൾ ആനയുടെ വലിപ്പത്തോളം വരാം, എലിയെപോലെ എവിടെ നിന്നും വരാം, ചിലപ്പോൾ ഒന്നും സംഭവിക്കാത്തതുപോലെ ഓടി മറഞ്ഞെന്നും വരാം. എലി വന്ന്

Scanned with CamScanner

ഒളിച്ചോടി പോകുന്നതുപോലെ. അതുകൊണ്ടായിരിക്കാം ആനയും എലിയുമെല്ലാം, വിഘ്നേശ്വര രൂപത്തോടൊപ്പം വരുന്നത്.

ശിവപാർവ്വതീവാഹനങ്ങൾ:

ശിവവാഹനമായി സൗമ്യ ശീലനായ നന്ദിയും പാർവതീ വാഹനമായി ഉഗ്രമൃഗമായ സിംഹവും, ശാന്തതയും ഉഗ്രതയും സമന്വയിപ്പിക്കുന്നതിന്റെ മാതൃകയാണ്.

കാളി സങ്കൽപം

കാലത്തിന്റെ സ്ത്രീ ചൈതന്യമടങ്ങുന്ന (പ്രകൃതി ദേവിയുടെ) ശക്തി സ്വരൂപമത്രെ കാളി. പ്രകൃതി സംഹാര താണ്ഡവമാടുന്ന രൂപം തന്നെ! സ്ത്രീ ചൈതന്യമായതിനാൽ കാളിമാതാവ് എന്നും പറയുന്നു. ശിവശക്തിയാണ് കാളിയുടെ സത്ത! കാളീരൂപം കാലമെന്ന സമയത്തിന്റെ തന്നെയായതുകൊണ്ടത്രെ അകാളികൾ (അകാലികൾ) എന്ന് സിക്കുകാരെ അറിയപ്പെടുന്നത്. കാലത്തിന്നതീതമായവർ! അകാളിതക്ഥ് കാലത്തിന്നതീതമായ ചൈതന്യമുള്ള സ്ഥലം (അകാൽതക്ഥ്)

പുരാണകഥാപാത്രങ്ങളിലും ഈ പ്രത്യേകതകൾ കാണാം. രാവണന് പത്തു തലയുണ്ടെന്ന് കഥ. ഒരു മനുഷ്യനും ഒന്നിൽ കൂടുതൽ തലയുമായി ജീവിക്കുക സാദ്ധ്യമല്ലെന്ന് ശാസ്ത്രം. ഇവിടെ യാഥാർത്ഥ്യം വളരെ ലളിതമായ ഒരു വസ്തുതമാത്രം. ഒരു വേദം അതിന്റെ വ്യത്യസ്ത ശാഖകളോടുകൂടി പഠിക്കുവാൻ ഒരു മനുഷ്യ ജന്മം അഥവാ ഒരു മനുഷ്യമസ്തിഷ്കം പൂർണമായും വേണം. അതുപോലുള്ള നാലു വേദങ്ങളും ആറു വേദാംഗങ്ങളും അവയുടെ അനേകം ശാഖകളുമായി ചേർത്ത് പഠിച്ച ജ്ഞാനി (4വേദം + 6 വേദാംഗം =10)യായതുകൊണ്ടാണ് രാവണന് പത്തുതലയുള്ളവന്റെ കഴിവുണ്ടെന്ന് സൂചിപ്പിക്കുന്നത്. ദശരഥന് പത്തു രഥമല്ല ഉള്ളത്, അതിനേക്കാൾ എത്രയോ കൂടുതലുണ്ടായിരുന്നു.

നേമി എന്നുപേരായ രാജാവ് (ദശരഥൻ) പത്തു ദിശയിൽ നിന്നുമുണ്ടായ അസുരന്മാരുടെ ആക്രമണസമയത്ത് പത്തു വില്ലാളിവീരന്മാർ പത്തുരഥത്തിൽ നിന്നുകൊണ്ട് പയറ്റുന്ന സാമർത്ഥ്യത്തോടെ യുദ്ധം ചെയ്തു വിജയിച്ചതുകൊണ്ടത്രെ ദശരഥൻ എന്ന പേർ സിദ്ധിച്ചത്.

Scanned with CamScanner

അവതാരങ്ങൾ

മത്സ്യഃകൂർമ്മ വരാഹശ്ച നരസിംഹോഥ വാമനഃ

രാമോ രാമശ്ച രാമശ്ച കൃഷ്ണഃ കൽകീ ഇതി തേ ദശ

പത്തവതാരങ്ങൾക്കും പുരാണേതിഹാസങ്ങളിൽ (വേദങ്ങളിലും ഉപനിഷത്തുകളിലുമല്ല) വലിയ സ്ഥാനമുണ്ട്. ഇവയ്ക്ക് പിന്നിലെ ശാസ്ത്രീയത വിശകലനം ചെയ്യുവാൻ ഭാരതീയ ചിന്താധാരയിലും, പശ്ചാത്യ ചിന്താധാരയിലും സമാന്തരമായ തത്വങ്ങളുമുണ്ട്.

ജാത്യന്താ പരിണാമ പ്രകൃത്യാപൂരാത്. എന്നു പറയുന്ന സർവ്വവിധ ജീവജാലങ്ങളുടേയും പരിണാമം പ്രകൃതിനിയമമാണ് എന്ന പതജ്ഞലി വാക്യവും, ഡാർവിന്റെ പരിണാമ സിദ്ധാന്തവുമാണ്, അനുയോജ്യ മാകുന്നതെന്നു തോന്നുന്നു. ജല ജീവിയിൽ (മത്സ്യം) നിന്നാരംഭിച്ച് ജലത്തിലും കരയിലും ജീവിക്കുന്ന (ആമ) വയിലൂടെ കരയിൽ ജീവിക്കുന്ന നാൽക്കാലികൾ (വരാഹം) വളർന്ന് നരസിംഹം (വാക്കുകളുടെ അർത്ഥം മാത്രമെടുത്താൽ പോലും മനുഷ്യരൂപത്തിലെത്തുന്ന മൃഗം, അതായത് നര + സിംഹം) ആയിത്തീരുന്നു. അവിടെ നിന്നും ഇംഗ്ലീഷിൽ പറയുന്ന പ്രിമിറ്റീവ് ഡ്വാർഫ് മാൻഷ്യനായ വാമനൻ (എക്സിമോയെപോലെ) ഉത്ഭവിക്കും. സംഹാരതാണ്ഡവമാടുന്ന പരശുരാമനും, തുടർന്ന് ശ്രീരാമനും, ബലരാമനും പിന്നെ കൃഷ്ണനും ജന്മമെടുക്കുന്നു. അന്ത്യത്തിൽ ആയുധം വഹിക്കുന്ന കൽകി (ഖഡ്ഗി) യായിത്തീരുന്നു പ്രപഞ്ചസൃഷ്ടിയിലെ പരിണാമചക്രം ശാസ്ത്രീയമായി ഇങ്ങിനേയും വിശകലനം ചെയ്യാവുന്നതാണെന്നു വരച്ചുകാട്ടുന്നതാണീ അവതാരങ്ങൾ!

എല്ലാ അവതാരങ്ങൾക്കും ആധാരമായത് **പ്രപഞ്ചപുരുഷ ശക്തിയായ** വിഷ്ണുവാണെന്നു വ്യക്തം അതുകൊണ്ട് വിഷ്ണുവിന്റെ അവതാരങ്ങൾ എന്ന് പറയുന്നു. ആത്മീയമായി ചിന്തിച്ചാൽ ജഗത്സ്രഷ്ടാവായ : **ജഗദീശ്വരാംശത്തിലൂടെ** : അവതാരങ്ങളുണ്ടാകുന്നു. ശാസ്ത്രീയമായി ചിന്തിച്ചാൽ പ്രകൃതിയിലെ വസ്തുക്കളിൽ ഊർജ്ജത്തിന്റെ സ്വാധീനത്താലുണ്ടാകുന്ന മാറ്റം, അഥവാ പരിണാമം. (ദേശകാലാടിസ്ഥാനത്തിൽ ചരാചരങ്ങളിലെ മാറ്റം : **അവിടവിടത്തെ** ഊർജ്ജവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് ശാസ്ത്രം) ആത്മീയമായാലും ശാസ്ത്രീയമായാലും പരിണാമം പ്രകൃതിനിയമമാണ്. അത് പ്രപഞ്ച ചൈതന്യത്തിന്റെ പ്രതിഭാസം മാത്രം (ഈ അടുത്തകാലത്ത് അമേരിക്കൻ ഉപഭൂഖണ്ഡത്തിനടുത്തുള്ള എൽനിനോ ദ്വീപിൽ കാലാവസ്ഥയിലുണ്ടായ ഭയാനകമായ മാറ്റങ്ങൾ വരുത്തി തീർത്ത, ജീവജാലങ്ങിലെ

Scanned with CamScanner

വൃതിയാനങ്ങൾ അത്ഭുതകരമായിരുന്നു. ഇതിനെ എൽനിനോ എഫക്ട് എന്നു പറയുന്നു.) അതുകൊണ്ട്തന്നെ ശാസ്ത്രീയമായി ഈ അവതാരങ്ങളിലെ ചൈതന്യം പ്രപഞ്ചശക്തിയായി രൂപം നൽകിയ വിഷ്ണുവിന്റേതാണെന്നു വിചാരിച്ചാൽ പോലും ശരിയാകുന്നു. പത്തവതാരങ്ങളും ആത്മീയമായ അവയുടെ വിവരണവിശേഷങ്ങൾക്കുമപ്പുറം കാണുവാനും അറിയുവാനും ആഗ്രഹിക്കുന്നവർക്ക് ഇപ്രകാരം വിലയിരുത്താം.

മത്സ്യാവതാരം

ആസുരീകശക്തികളിൽ നിന്നും വേദം തിരിച്ചെടുക്കുവാനായിരുന്നു, മത്സ്യാവതാരം. വേദം എന്നാൽ അറിവ്. ജീവജാലങ്ങളിൽ ആദ്യ സൃഷ്ടി മത്സ്യമല്ല. സസ്യലതാദികളാണ്. അവയ്ക്കാകട്ടെ വ്യക്തമായ ജ്ഞാനവും വേർതിരിച്ചറിവും പരിമിതമാണ്. ശത്രുവിനേയും മിത്രത്തേയും, ആഹാരത്തേയും അല്ലാത്തതിനേയും സ്വയം രക്ഷപ്പെടുന്നതും, ഇണയെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതും, ആക്രമിക്കുകയും ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുകയുമെല്ലാം ചെയ്യുന്നതിനാവശ്യമായ ജ്ഞാനം ഉള്ള ജീവജാലങ്ങളിലാദ്യ സൃഷ്ടി ജല ജീവിയായ മത്സ്യത്തിന്റേതാണ്. പ്രപഞ്ചത്തിന്റെ ആസുരിക ശക്തികളായ മിന്നൽ, കൊടുംമഴ, കത്തിജ്വലിക്കുന്ന ചൂട്, കോച്ചിവലിയുന്ന തണുപ്പ് എന്നിവയിൽ നിന്നുത്ഭവിച്ച പരിണാമപ്രക്രിയയിലെ ആദ്യ ജീവിയായ മത്സ്യത്തിന് ജ്ഞാനം ലഭിച്ചതും പ്രപഞ്ചത്തിൽ നിന്നുതന്നെ! അതത്രെ ആസുരിക ശക്തിയിൽ നിന്നുള്ള വേദ (അറിവ്) ലബ്ദി (അറിവ് നേടുന്ന പ്രക്രിയ) ക്കായി മത്സ്യമായി അവതരിച്ചിത്.

കൂർമ്മാവതാരം

ഇവിടെ അസുരന്മാരും (നേരത്തേ വിവരിച്ച ആസുരികശക്തിയും) ഈശ്വരീയശക്തിയും (ശാന്തമായ സൂര്യ-ചന്ദ്ര പ്രകാശം, ശുദ്ധവായു, ശുദ്ധജലം, ആവശ്യമായ താപം, ശാന്തപ്രകൃതി) തമ്മിലുള്ള പോരാട്ടത്തിൽ (പാലാഴിമഥനം – സൗരയൂഥത്തിലെ ഈ പ്രക്രിയ മിൽക്കിവേയുമായി ബന്ധപ്പെട്ടിരിക്കുന്നു.) നിന്നുത്ഭവിച്ചതെന്തെല്ലാം അത്ഭുതവസ്തുക്കളാണ് ഇതേ പ്രതിഭാസത്തിന്റെ പരിണിത ഫലം തന്നെ കൂർമ്മാവതാരം. കരയിലും ജലത്തിലും വസിക്കാവുന്ന തരത്തിലുള്ള ജീവൽ സൃഷ്ടി എന്ന പരിണാമമാണ് സംഭവിച്ചിരിക്കുന്നത്.

Scanned with CamScanner

വരാഹാവതാരം:

ഭൂമിയെ വെല്ലാൻ ഹിരണ്യാക്ഷനെന്ന അസുരൻ വന്നുവെന്നതു പുരാണകഥ. ഇവക്കുണ്ടാകുവാൻ സാദ്ധ്യതയുള്ള സമാന്തര വസ്തുതകൾ എന്തായിരിക്കാം. ഭൂമിയിലുള്ള സമസ്തജീവജാലങ്ങളേയും ആസുരീകമായ പ്രകൃതി ശക്തിക്ക് വിധേയമാക്കപ്പെട്ട സംഭവം. വർഷങ്ങളോളം നീണ്ടു നിൽക്കുന്ന പേമാരി-കൊടുങ്കാറ്റ് -വെള്ളപൊക്കം- അതിശൈത്യം - അത്യുഷ്ണം എന്നിവയിൽ പലതുമായ ആസുരീകശക്തി ഭൂമിയെ ബാധിച്ചിരിക്കാം. കടലിലും കരയിലും കഴിയുന്ന ആമയിലെ പരിണാമത്തിന് ഈ ശക്തി കാരണമായി തീർന്നിരിക്കാം. അതവസാനിച്ചതാകട്ടെ പുതിയ ജീവിയായ വരാഹ (നാൽകാലി) സൃഷ്ടിയിലും. ശാസ്ത്ര സാമ്യമുള്ള ജീവപരിണാമ വിചിന്തനം.

നരസിംഹാവതാരം:

ഇവിടേയും ആസുരീകശക്തിയായ ഹിരണ്യകശിപുവാണ് കഥാപാത്രം. ആ ശക്തി കാരണമായിട്ടാണ് നന്മയെന്ന പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കപ്പെട്ടത് മനുഷ്യരൂപത്തിനടുത്തുവരുന്ന മൃഗം ഇവിടെയുണ്ടായി. അതിന്റെ സൃഷ്ടിയാണ് പകുതി മനുഷ്യനും പകുതി മൃഗവും ചേർന്ന നരസിംഹജനനം.

വാമനാവതാരം:

ഇനിയുമുള്ള മാറ്റം പ്രകൃതിയിലെ ആസുരീകശക്തിയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, പരസ്പരം പൊരുതുന്നതും, സഹവർത്തിത്വത്തോടെ വസിക്കുന്നതുമായ ജീവജാലങ്ങൾക്കും സ്വാധീനമുള്ള ഒരു തലത്തിൽ നിന്നാണ് തുടരേണ്ടതെന്ന് ശാസ്ത്രമതം. മനുഷ്യമൃഗരൂപങ്ങളിൽ നിന്നും, ആർടിക് സർക്കിളിൽ കാണാവുന്ന തരത്തിലുള്ള കുള്ളരായ മനുഷ്യരിലേക്കുള്ള രൂപ പരിണാമം. കുറെ നന്മയും ബാക്കി ആസുരികശക്തിയുള്ളവയിൽ നിന്നും ആസുരീക ശക്തിയെ ഇവർ കാൽകീഴിൽ ചവുട്ടി പരാജയപ്പെടുത്തിയിരിക്കാം. അതിന്റെ ആവിഷ്കരണംപോലെ തോന്നുന്നു മഹാബലി വാമനകഥകൾ.

പരശുരാമാവതാരം:

മഴുവോ മഴുവായി ഉപയോഗിക്കാവുന്ന ശിലയോ ആയുധമാക്കിയ മനുഷ്യൻ, വന്യമായതിനേയും ശക്തമായതിനേയും കീഴ്പ്പെടുത്താനുള്ള ശക്തിയും ജ്ഞാനവും ആർജ്ജിച്ച മനുഷ്യനായിത്തീരുന്നു. സംഹാര

Scanned with CamScanner

ശക്തിയുള്ള മനുഷ്യൻ! അവന്റെ ചുറ്റുപാടുകളുമായി മല്ലിട്ട് മുമ്പോട്ടു പോയി ഭൂമിയുടെ അവകാശം സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നവതരിപ്പിക്കുവാൻ | ഭൂവിഭാഗത്തെ തന്നെ സൃഷ്ടിച്ചു എന്നു കാണിക്കുന്നു. അത് തലമുറയ്ക്ക് ദാനം ചെയ്ത മനുഷ്യനായി പരശു (ആയുധം) രാമൻ ആയിത്തീരുന്നു.

ബലരാമാവതാരം:

ആയുധങ്ങളുമായി സംഹാരശക്തനായ മനുഷ്യനിൽ നിന്നും കലപ്പയുമായി, ഒരു സ്ഥലത്ത് സ്വന്തം ശാരീരിക ബലമുപയോഗിച്ച് നൂറുമേനി വിളയിച്ച മനുഷ്യനായി മാറിയതിനു തുല്യമാണ് ബലരാമാവതാരം. അലഞ്ഞു തിരിഞ്ഞ മനുഷ്യനിൽ നിന്നും കൃഷിക്കായി ഒരിടത്ത് തമ്പടിച്ചപ്പോൾ ആദ്യമുപയോഗിച്ച ആയുധം കലപ്പയായി രുന്നുവല്ലോ. ബലരാമന്റെ ആയുധവും കലപ്പതന്നെയെന്നത് നിമിത്തമായിരിക്കാമെങ്കിലും, നരവംശശാസ്ത്രത്തിൽ പരശുരാമനിൽ നിന്ന് ബലരാമനിലൂടെ ശ്രീരാമനിലേക്കുള്ള മാറ്റം ശാസ്ത്രീയമായ വസ്തുതയാണ്. പരശുരാമനിൽ നിന്നും ബലരാമനിലൂടെ ശ്രീരാമനിലേക്കുള്ള മാറ്റം ശാസ്ത്രീയമായ വസ്തുതയാണ്. പരശുരാമാവതാരം നിലനിൽക്കേ ബലരാമശ്രീകൃഷ്ണാവതാരങ്ങളും നടക്കുന്നുമുണ്ട്. ഇവിടത്തെ പരിണാമം ഒന്നിനുശേഷം അടുത്തത് എന്നല്ല. ഭൂമിയെ വെട്ടിപ്പിടിക്കുന്ന വിഭാഗവും, കൃഷിചെയ്യുന്നവനും ഉത്തമപുരുഷനുമെല്ലാം സമൂഹത്തിൽ ഒരുമിച്ചു നിൽക്കുന്നു എന്നതിനു തെളിവാണ്. ഒരേസമൂഹത്തിൽ അദ്ധ്യാപകനും എൻജിനിയർമാരും സാഹിത്യകാരന്മാരും നിലനിൽക്കുന്നതുപോലെ.

ശ്രീരാമാവതാരം:

കാട്ടിൽ നായാടിനടന്നതിനുശേഷം, മനുഷ്യരിലുണ്ടായ വൻ മാറ്റമായിരുന്നുവല്ലോ കാർഷികോൽപാദനത്തിനായി ഒരിടത്തു തമ്പടിച്ചത്. സഹസ്രാബ്ദങ്ങൾക്കുശേഷം വന്ന മാറ്റമാണ് സ്വയം ചട്ടങ്ങളും നിയമങ്ങളും നിർമ്മിച്ച് ഒരു സമൂഹമായ്, വ്യക്തി - കുടുംബ - സമൂഹ - രാഷ്ട്രത്തിന്റെ ബന്ധത്തോടെ നിയമങ്ങളനുസരിച്ചും അനുസരിപ്പിച്ചും ജീവിച്ചും ജീവിപ്പിച്ചും, ഭരിച്ചും ഇന്നത്തെ സമൂഹത്തിന്റെ ആദിമരൂപമായി മാറിയ ജനതഥി. ഉത്തമരായ പുരുഷന്മാരും സ്ത്രീകളും ചേർന്ന ഒരു

Scanned with CamScanner

സമൂഹസൃഷ്ടിയുടെ ആരംഭമോണിത് എന്ന് നരവംശശാസ്ത്രം പറയുന്നു. ഇവിടേയും ശ്രീരാമൻ എന്ന ഈശ്വരാവതാരം മനുഷ്യന്റെ വികാസത്തിന്റെ ഉത്തമ മാതൃക തന്നെ എന്ന് വിവരിക്കുന്നു. രാക്ഷസീയമായവയെ നശിപ്പിച്ചും നന്മകളേയും സദ്ഗുണങ്ങളേയും രക്ഷിച്ചും വിരാജിച്ച് വികസിച്ച മാനവ സമൂഹത്തിലേക്കുള്ളകുതിച്ചു ചാട്ടം. ഉത്തമ പുരുഷസൃഷ്ടി നടന്ന കാലം.

ശ്രീകൃഷ്ണാവതാരം:

ആസുരശക്തികളെ നശിപ്പിച്ചും സ്വന്തം പ്രജകളെ രക്ഷിച്ചും രാഷ്ട്രാതിർത്തി നിശ്ചയിച്ചും ആത്മീയതയും-ഭൗതീകതയും ഒത്തിണക്കിയും വികസിച്ച മനുഷ്യവിഭാഗത്തിൽ നിന്നും ആസുരശക്തികൾ കുറഞ്ഞുവന്ന്, സാമൂഹ്യജീവിതത്തിൽ തന്നെ (സ്വന്തം കുടുംബത്തിലും/രാഷ്ട്രത്തിലും തന്നെ) അധികാരത്തിനു വേണ്ടി മുറവിളി കൂട്ടി, താൻ സ്വയം സൃഷ്ടിച്ച ധർമ്മശാസ്ത്രനിയമങ്ങളെ വെല്ലുവിളിക്കുന്ന സമന്മാർ കൂടി ഉദയം ചെയ്യുന്ന മനുഷ്യസമൂഹമാണിവിടത്തെ പരിണാമം. പരശുരാമാവതാരവും, ബലരാമാവതാരവും ഈയവസരത്തിൽ തുടർച്ചയെന്നോണം നിലനിൽക്കുന്നു എന്നത് ശാസ്ത്രീയമായി വികസിക്കുന്നതും വികസിച്ചുകൊണ്ടിരിക്കുന്നതുമായ സ്വഭാവ പരിണാമത്തിനു വിധേയമായ വ്യത്യസ്ത സമൂഹം ഒന്നിച്ചു വസിക്കുന്നു എന്നതിന് തെളിവുതന്നെ. ഇന്നത്തെ മനുഷ്യന്റെ സമസ്ത കഴിവുകളും വസ്തുതകളും, ചട്ടങ്ങളും ചിന്തകളും ഒത്തിണങ്ങിയ വ്യക്തിയായി ശ്രീകൃഷ്ണൻ ഏതാണ്ട് BC 3160 ൽ അവതരിച്ചു. **വ്യാസോച്ഛിഷ്ടം ജഗത് സർവ്വം** എന്ന വരി അന്വർത്ഥമാക്കുന്നതാണ് ഇന്നു നാം കാണുകയും, കേൾക്കുകയും, അനുഭവിക്കുകയും ചെയ്യുന്ന സംഭവങ്ങളെല്ലാം. പഞ്ചമവേദ പദവിയുള്ള വ്യാസകൃതിയായ മഹാഭാരതത്തിലുണ്ടെന്നത് മാനവചരിത്രത്തിൽ നിറഞ്ഞു തുളുമ്പുന്നു. ശ്രീകൃഷ്ണധർമ്മാനുശാസനം, അതിന്റെ അതിമഹത്തായ ഒരദ്ധ്യായം!

കൽക്കി അവതാരം:

ഇനിയും ഉണ്ടാകേണ്ട ഒരവതാരമാണിതെന്ന് പറയപ്പെടുന്നു. കൽകി എന്ന പദം ഖഡ്ഗി അഥവാ വാൾ ധരിച്ചിരിക്കുന്നയാൾ എന്നർത്ഥത്തിലാണ്. സ്വയം ആയുധമെടുത്ത് നശിക്കുന്ന മാനവരാശി

Scanned with CamScanner

യെയായിരിക്കും ഈ അവതാരത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഒരു പക്ഷേ ആധുനിക മനുഷ്യന്റെ അനിയന്ത്രിതമായ നശീകരണജ്വാലയുടെ അവസാന മുഖമായി വായുവും, ജലവും, ഭൂമിയും വിഷം നിറഞ്ഞ് സ്വയം സംഹരിക്കപ്പെടുന്ന അവസ്ഥയാകാം ഇത്. ഒരു മഹായുഗത്തിന്റെ അന്ത്യംകുറിക്കുന്ന അവതാരം. മറ്റൊരവതാരത്തിനും നൽകാത്ത ഈ പ്രത്യേകപേര്തന്നെ ആയുധം ധരിച്ച എല്ലാവരേയും കൂട്ടിച്ചേർത്തതാണോ എന്നും ചിന്തിക്കേണ്ടതാണ്!

അവതാരമൂർത്തികൾ, അവരുടെ ജീവിതം തന്നെ മനുഷ്യന് മാതൃകയായി മുമ്പിലവതരിപ്പിക്കുന്നതിനാലാണ് ഈശ്വരചൈതന്യമായി നാം പൂജിക്കുന്നത്. വാല്മീകി രാമായണത്തിൽ പുരുഷോത്തമൻ (ഉത്തമപുരുഷൻ) ആയി ശ്രീരാമനെ കാണുന്നു. ആദ്ധ്യാത്മ രാമായണത്തിൽ ഈശ്വരനായി വിവരിക്കുന്നു. പൂർണ മനുഷ്യ വികാര വിചാരങ്ങളുമായി ശ്രീകൃഷ്ണൻ മഹാഭാരതത്തിൽ നിറയുമ്പോൾ, ശ്രീമദ് ഭാഗവതത്തിൽ ഈശ്വരനായി വരുന്നു. ആത്മീയതയുടേയും ഭൗതികതയുടേയും ശാസ്ത്രീയ സംഗമമാണീ അവതാരങ്ങൾ.

മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുള്ള ഡാർവിൻ സിദ്ധാന്തം ജൈവശാസ്ത്രപരമായി (ബയോളജിക്കൽ) മാത്രം നോക്കിയാൽ പോര. സാമൂഹ്യമനശ്ശാസ്ത്രപരമായി കൂടി വീക്ഷിക്കണം..... ഈ വീക്ഷണം കൂടി ചേർന്ന് വിശകലനം ചെയ്താൽ മനസ് ശരീരത്തെ കീഴടക്കുന്നത് കാണാം. അതായത് ഗുണനിലവാരം (quality) ശരീരത്തെ (quantity) കവച്ചു വയ്ക്കുന്ന പരിണാമമാണ് മനുഷ്യനിൽ നടക്കുന്നത്, എന്നു വ്യക്തമാകും.

(സർ ജൂലിയൻ ഹക്സ്ലി)

Scanned with CamScanner

ക്ഷേത്രവും വിഗ്രഹപൂജയും

ആദ്യാക്ഷരങ്ങൾ പഠിക്കുന്ന കുട്ടിക്ക് A for apple, B for ball എന്ന് ബാലപാഠങ്ങൾ പഠിപ്പിക്കുന്നതുപോലെയാണ് ജഗദീശ്വരജ്ഞാനം ലഭ്യമാക്കേണ്ടത്. സാകാരരൂപത്തിൽ നിന്നും നിരാകാര രൂപത്തിലേക്ക് ഈശ്വരസങ്കൽപം മനസ്സിലുയരണമെങ്കിൽ സങ്കൽപത്തിനൊരു രൂപം വേണം. ഗ്ലോബ്കാണിച്ച് ഇത് ഭൂമിയാണെന്ന് സങ്കൽപിക്കൂ എന്നു പറയുന്നതുപോലെ. അക്ഷാംശ രേഖാംശ രേഖകൾ ഗ്ലോബിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ ഭൂമിയിലില്ല. മറ്റൊരർത്ഥത്തിൽ കടലിന്റേയും കരയുടേയും ഒരേകദേശ ആകൃതിയൊഴികെ ഭൂമിയിൽ യാഥാർത്ഥ്യത്തിലുള്ളതൊന്നും ഗ്ലോബിലില്ല. അതായത് ഗ്ലോബല്ല ഭൂമി, പക്ഷേ അറിയാനൊരു സാകാര രൂപം മാത്രമാണത്. ഇതുതന്നെയാണ് ക്ഷേത്രവിഗ്രഹത്തിന്റെ രൂപവും. ഈശ്വരസാക്ഷാത്കാരം എന്ന ആദ്യപടിയായി **പ്രഥമം പ്രതിമാ പൂജനം**; ഈ സങ്കൽപം ഏറെ മുമ്പോട്ടുപോയ ജ്ഞാനിക്ക് വേണമെങ്കിൽ **പ്രതിമാ അൽപ ബുദ്ധീനാം** എന്നുപറഞ്ഞ് പിന്നീട് ഇതൊഴിവാക്കാം. ക്രസ്തുൻ പള്ളികളിൽ കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുരൂപവും കുരിശും പ്രതിമതന്നെയാണ്. പക്ഷേ ക്ഷേത്രങ്ങളിലെ പ്രതിമയ്ക്കും ക്ഷേത്രദർശനത്തിനും അത്യധികം ആത്മീയ പ്രാധാന്യമുള്ളതുപോലെ (പലതും ആധുനിക ശാസ്ത്രം ഇനിയും കണ്ടെത്തുവാനിരിക്കുന്നതേയുള്ളൂ) മനശ്ശാസ്ത്രപരമായും ആരോഗ്യപരമായും ക്ഷേത്രത്തിന് അത്ഭുതകരമായ മഹത്വമുണ്ട്. ബാഹ്യലോകവുമായി (Macrocosm) നമ്മൾ (Microcosm) ബന്ധപ്പെടുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴിയാണ്. ഈ പഞ്ചേന്ദ്രിയങ്ങളുടെ ഉത്തേജനമാണ് ഭൗതികസിദ്ധികളിൽ അവശ്യം നേടേണ്ടത്.

വർണ്ണപുഷ്പങ്ങൾ, ജ്വലിച്ചുലയുന്ന ദീപനാളം, തിളങ്ങുന്ന വിളക്ക്, മിന്നുന്ന വിഗ്രഹത്തിലെ ഉടയാടകൾ ഇവയെല്ലാം കണ്ണിനെ മിതമായും പക്വമായും ഉത്തേജിപ്പിക്കുന്നു. പുഷ്പസുഗന്ധം, ചന്ദനത്തിരിയും, അഷ്ടഗന്ധവും കർപ്പൂരവും, മറ്റുഗന്ധങ്ങളും നാസികയെ ഉത്തേജിപ്പിക്കുന്നു. ഘണ്ഡാനാദം (മണിനാദം) മന്ത്രധ്വനി, ഇടയ്ക്ക, താളം, ശംഖ് തുടങ്ങിയവ ശ്രോത്രത്തെ പ്രസരിപ്പിക്കുന്നു. ഭസ്മം, കളഭം, ചന്ദനം, കുങ്കുമം, ചെവിയിൽ ചൂടിയ തുളസി ഇവ ത്വക്കിനേയും ഉത്തേജിപ്പിക്കുന്നു.

Scanned with CamScanner

തീർത്ഥം, ത്രിമധുരം, നിവേദ്യങ്ങൾ ഇവ നാവിനും ചൈതന്യം നൽകുന്നു. ക്ഷേത്രദർശനസമയത്ത് ഈ പഞ്ചേന്ദ്രിയങ്ങൾക്ക് ഉണ്ടാകുന്ന സ്പന്ദനം അറിയുവാൻ എളുപ്പമാണ്. ദീപാരാധന നടക്കുന്ന ശ്രീകോവിലിനു മുമ്പിൽ നടതുറക്കുന്ന സമയത്ത് സ്വയം നിൽക്കുക. ഒരു പ്രഭാതേജസ് ശരീരത്തിലേയ്ക്കു വരുന്നതായി തോന്നുന്നുണ്ടാകും!

ഉത്സവകാലത്ത് (ഉത് = ചൈതന്യം; സവം = കവിഞ്ഞൊഴുകുക) ദൃശ്യ-ശ്രവ്യ-ഘ്രാണ-സ്പർശ-ഗന്ധത്തിനാവശ്യമായവയെല്ലാം സാധാരണദിവസങ്ങളിലുള്ളതിനേക്കാൾ അനേകമടങ്ങ് കൂടുതലായി ക്ഷേത്രാന്തരീക്ഷത്തിലുണ്ടാകുന്നു. ക്ഷേത്രചൈതന്യം മതിൽകെട്ട് കവിഞ്ഞൊഴുകി ഗ്രാമത്തെ ചൈതന്യവത്താക്കുന്നു, എന്നു വിശ്വാസം. ക്ഷേത്രമായി ബന്ധപ്പെടുന്നവരുടെ സാമൂഹ്യൈക്യം ശക്തിപ്പെടുകയും ചെയ്യുന്നു. ശാരീരികമായ ഉത്തേജനത്തിനു പുറമേ മാനസികമായ ഒരുല്ലാസം, സംതൃപ്തി, ആത്മസാക്ഷാത്കാരം എന്നിവക്കുള്ള പ്രാർത്ഥന, ഇവയെല്ലാം ചേർന്ന് ശാരീരികമായും മാനസികമായും ഒരുന്മേഷവും നവചൈതന്യവും ക്ഷേത്രത്തിൽ നിന്നു ലഭിക്കുന്നു. മന്ത്രതന്ത്രങ്ങൾ ഔഷധങ്ങളായിട്ടാണ് അത്യന്താധുനിക വൈദ്യശാസ്ത്രമെന്ന പദവി നേടിക്കൊണ്ടിരിക്കുന്ന കാണ്ടം ഹീലിങ് പറയുന്നത്. മന്ത്രങ്ങൾ ശരീരത്തിലുണ്ടാകുന്ന സ്വാധീനത്തെ സൈക്കോലിംഗ്വിസ്റ്റിക് ഇഫക്റ്റ് എന്ന് പാശ്ചാത്യർ പറയുന്നു. വിഗ്രഹങ്ങളെക്കുറിച്ച് അത്യാധുനികശാസ്ത്രം എന്തുപറയുന്നു എന്നറിയുന്നതും വിജ്ഞാനപ്രദമാണ്. ചിലവിഗ്രഹങ്ങൾക്ക് ഉൾക്കൊള്ളുവാൻ സാധിക്കുന്ന (അവയുടെ പ്രത്യേക ആകൃതി കാരണമായിട്ടാണിത്തരം ഗുണവിശേഷങ്ങളുണ്ടാകുന്നത്) ഇലക്ട്രോ മാഗ്നറ്റിക് എനർജിയുടെ അളവ് ഇപ്രകാരമാണ്. ശാന്തസ്വരൂപനായ വിഷ്ണുവിനും വിഷ്ണു അവതാരങ്ങൾക്കും 3×10^{27} Gauss, ഉഗ്രമൂർത്തിയായ ശിവനും ശിവാവതാരങ്ങൾക്കും 3×10^{30} Gauss, ഗണപതി, ശാസ്താവ് എന്നീ വിഗ്രഹങ്ങൾക്ക് 3×10^{33} Gauss, മഹാകാളിക്ക് 3×10^{35} Gauss സർപ്പരാജ്ഞീ വിഗ്രഹത്തിനാണ് ഏറ്റവും കൂടുതൽ 3×10^{39} Gauss ഊർജ്ജവും ഉൾക്കൊള്ളുവാൻ സാധിക്കുമത്രെ! ഊർജ്ജത്തിന്റെ മാനദണ്ഡത്തിൽ ആത്മീയതയേയും ആത്മസംതൃപ്തിയേയും അളക്കുവാൻ സാധ്യമല്ല എന്നുതീർച്ച യാണെങ്കിലും മേൽവിവരിച്ച ഊർജ്ജ അളവുകൊണ്ട് മനസ്സിലാക്കുവാൻ സാധിക്കുന്ന

Scanned with CamScanner

ഒരു ശാസ്ത്ര സത്യമിതാണ്. സഹസ്രാബ്ദങ്ങൾക്കുമുമ്പ് രൂപകൽപനനൽകിയ വിഗ്രഹങ്ങളിൽ ആത്മീയത നിറഞ്ഞു തുളുമ്പുന്നതുപോലെ അത്യാധുനികശാസ്ത്രവും നിറഞ്ഞിരിക്കുന്നു. ഭൗതീകവും ആത്മീയവുമായ ഒരു നവചൈതന്യത്തിന്റെ സ്രോതസ്സാണ് ക്ഷേത്രങ്ങൾ. അത് ശരീരത്തെപ്പോലെ. ശുദ്ധമായും പവിത്രമായും ഭംഗിയായും സൂക്ഷിക്കണം എന്ന് ഒറ്റവരിയിൽ പറഞ്ഞിരിക്കുന്നത് ശ്രീകൃഷ്ണ പരമാത്മാവാണ്!

ഇദം ശരീരം കൗന്തേയ

ക്ഷേത്രമിത്യഭിധീയതേ!

ആയിരക്കണക്കിന് വർഷങ്ങളുടെ ചൈതന്യവത്തായ ഒരു സംസ്കാരമാണ് ഭാരതത്തിന്റേത്. ഇവിടെയാണ് മനുഷ്യൻ അവന്റെ ചിന്തയുടെ കൊടുമുടിയിലെത്തിയത് (In the summit of human thought)

(പ്രൊ: റാൽഫ് വാൽഡോ എമേർസൺ)

Scanned with CamScanner

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് തിരുവനന്തപുരം

ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സമ്പൂർണ ഭാരതീയ ചിന്താധാരകളുടെ ശാസ്ത്രീയ വിശകലനത്തിനായുള്ള ഒരു സംരംഭമാണ് **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്.** പുരാതനഭാരതത്തിൽ, ആധുനിക ശാസ്ത്രം പൂർണമായും നിലനിന്നിരുന്നു എന്നൊരു തെറ്റിദ്ധാരണ ചിലരിൽ നിലനിൽക്കുന്നു. നമ്മുടെ പൈതൃകം ആത്മീയതയുടെ മാത്രം മാർഗമായിരുന്നു. അതിൽ ശാസ്ത്രമേ ഉണ്ടായിരുന്നില്ല എന്ന ഒരന്ധവിശ്വാസവും ഇന്നിവിടെയുണ്ട്. വസ്തുതകൾ ഇവക്കു രണ്ടിനും മദ്ധ്യേയാണ്. ഗണിതം, ജ്യോതിശാസ്ത്രം, രസതന്ത്രം, ലോഹതന്ത്രം, ആരോഗ്യശാസ്ത്രം, തച്ചുശാസ്ത്രം സംഗീതശാസ്ത്രം... തുടങ്ങി ആധുനിക ശാസ്ത്ര-സാങ്കേതിക നിലവാരമുള്ള അനവധി വിജ്ഞാനഗ്രന്ഥങ്ങളും, വിദ്യകളും ഇവിടെ നിലനിന്നിരുന്നു. നമ്മുടെ വിചാര-വികാര-വിശ്വാസ-ആചാര-കർമ്മങ്ങളിലെല്ലാം, ശുദ്ധശാസ്ത്രീയാംശം വളരെ സ്പഷ്ടമായി ക്കാണുവാനും വിശകലനം ചെയ്യുവാനും സാദ്ധ്യമാണ്. **ആത്മീയവും** ഭൗതീകവുമായ ഭാരത ചിന്താധാരകളിലെ ശാസ്ത്ര സത്യങ്ങൾ പഠിക്കുവാനും, പഠിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും വേണ്ടിയുള്ള ആധുനിക ശാസ്ത്രജ്ഞന്മാരുടെ ശ്രമഫലമായാണ് **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ജന്മം കൊണ്ടത്.**

Scanned with CamScanner